14

2021
സെപ്റ്റംബർ
ചൊവ്വ
1197
ചിങ്ങം 29


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 149 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-149 | പേജ് 4. വില 2.00 രൂപ




02 പിഎസ്‌സിയെ തെറ്റിദ്ധരിപ്പിച്ചവർക്കെതിരെ നിയമനടപടി സ്വീകരിക്കും

03 കാലഘട്ടത്തിനനുസൃതമായി വനം വകുപ്പിനെ ആധുനീകരിക്കും: മന്ത്രി

04 പിഎസ്‌സിയെ തെറ്റിദ്ധരിപ്പിച്ചവർക്കെതിരെ നിയമനടപടി സ്വീകരിക്കും

## കോവിഡ് രോഗി ജീവനൊടുക്കിയാലും കോവിഡ് മരണം

# കേന്ദ്രനയം മാറ്റണം: സുപ്രീംകോടതി

ന്യൂഡൽഹി: കോവിഡ് ബാധിച്ച ഒരാൾ ജീവനൊടുക്കിയാൽ നഷ്ടപരിഹാരം നൽകില്ല എന്ന് പറയുന്നത് അംഗീകരിക്കാനാകില്ലെന്ന് സുപ്രീംകോടതി. കോവിഡ് ബാധിച്ചവർ ജീവനൊടുക്കിയാൽ നഷ്ടപരിഹാരം നൽകില്ലെന്ന കേന്ദ്രനയം മാറ്റണമെന്ന് ജസ്റ്റീസുമാരായ എം.ആർ. ഷാ, എ.എസ്. ബൊപ്പണ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് നിർദേശിച്ചു.

കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിർദേശം അനുസരിച്ച് കേന്ദ്രം മാർഗനിർദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിൽ കോവിഡ് ബാധിച്ചിട്ടും വിഷബാധ മൂലമോ, ആത്മഹത്യ, കൊലപാതകം, ആപകടമരണം എന്നിവ ഉൾപ്പടെ മറ്റു കാരണങ്ങൾ കൊണ്ടു മരിച്ചാൽ കോവിഡ് മരണം ആയി കണക്കാക്കില്ല എന്ന വ്യവസ്ഥ പുനപരിശോധിക്കണം എന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടു. മാർഗനിർദേശങ്ങളിലെ പ്രസ്തുത വ്യവസ്ഥ പുനഃപരിശോധിക്കാമെന്ന് സർക്കാർ അറിയിച്ചു. കോവിഡ് ബാധിച്ചു മരിച്ചവരുടെ ഉറ്റവർക്കുള്ള സാമ്പത്തിക നഷ്ടപരിഹാരം നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ സെപ്റ്റംബർ 23ന് ഉള്ളിൽ സമർപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സുപ്രീംകോടതി ആവശ്യപ്പെട്ടു.



കോവിഡ് മരണ സർട്ടിഫിക്കറ്റിനുള്ള മാർഗ നിർദേശങ്ങൾ കഴിഞ്ഞ ദിവസമാണ് സർക്കാർ സുപ്രീംകോടതിയിൽ നൽകിയത്. നിർദേശം നൽകിയിട്ടും ഏറെ വൈകുന്നതിൽ സുപ്രീംകോടതി അതൃപ്തി പ്രകടിപ്പിച്ചതിന് പിന്നാലെയാണ് കഴിഞ്ഞ ദിവസം ഇതു സംബന്ധിച്ച സത്യവാങ്മൂലം നൽകിയത്.

## 30 ദിവസത്തിനുള്ളിൽ രോഗി മരിച്ചാൽ കോവിഡ് മരണം

ന്യൂഡൽഹി: കോവിഡ് ബാധിച്ച് 30 ദിവസത്തിനുള്ളിൽ ആശുപത്രിയിലോ വീട്ടിലോ രോഗി മരിച്ചാൽ കോവിഡ് മരണമായി കണക്കാക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൻറെ പുതുക്കിയ മാർഗനിർദേശം.

ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസേർച്ചിൻറെ പഠനം അനുസരിച്ച് 95 % കോവിഡ് മരണങ്ങളും രോഗം സ്ഥിരീകരിച്ച് 25 ദിവസത്തിനുള്ളിൽ നടന്നവയാണ്. ഇക്കാര്യവും മാർഗരേഖയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ആശുപത്രിയിലോ മറ്റു ചികിത്സാ കേന്ദ്രങ്ങളിലോ പ്രവേശിക്കപ്പെടുന്ന കോവിഡ് രോഗി 30 ദിവസത്തോളം അവിടെ തുടരുകയും അതിനെതുടർന്ന് മരിക്കുകയും ചെയ്താൽ കോവിഡ് മരണമായി കണക്കാക്കും. വിഷബാധ, ആത്മഹത്യ, കൊലപാതകം, അപകടമരണം, മറ്റു കാരണങ്ങൾ എന്നിവ മൂലമുള്ള മരണങ്ങൾ കോവിഡ് മരണങ്ങളായി കണക്കാക്കില്ലെന്നും പുതുക്കിയ മാർഗരേഖയിൽ വ്യക്തമാക്കുന്നു.

ആർടിപിസിആർ ടെസ്റ്റ്, മോളിക്യുലാർ ടെസ്റ്റ്, റാപിഡ്ആൻറിജൻ ടെസ്റ്റ് എന്നിവയിലൂടെയോ ആശുപത്രിയിൽ പരിശോധനയിലൂടെയോ മാത്രമേ കോവിഡ് സ്ഥിരീകരിക്കാനാകൂ.

പുതുക്കിയ മാർഗരേഖ അനുസരിച്ച് കോവിഡ് ബാധിച്ചു മരിച്ചവരുടെ ബന്ധുക്കൾക്ക് മരണകാരണം വ്യക്തമാക്കി ജനന മരണ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകണം. ഇതിനായി രജിസ്ട്രാർ ജനറൽ സംസ്ഥാന ചീഫ് രജിസ്ട്രാർമാർക്കായി മാർഗനിർദേശങ്ങൾ പുറത്തിറക്കും.

കഴിഞ്ഞ ജൂൺ 30നാണ്, കോവിഡ് ബാധിച്ചു മരിച്ചവരുടെ മരണ സർട്ടിഫിക്കറ്റിൽ മരണകാരണം കോവിഡ് എന്നുതന്നെ രേഖപ്പെടുത്തണമെന്ന് സുപ്രീംകോടതി നിർദേശിച്ചത്. കോവിഡ് ബാധിച്ച വ്യക്തി മറ്റേതെങ്കിലും അസുഖം മൂർച്ഛിച്ചു മരണപ്പെട്ടാലും മരണകാരണം കോവിഡ് തന്നെയാണെന്നും കോടതി വ്യക്തമാക്കിയിരുന്നു.


കോവിഡ് ബാധിച്ചു മരിച്ചവരുടെ ഉറ്റവർക്കുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച് ദേശീയ ദുരന്ത നിവാരണ അഥോറിറ്റിയോട് ആറ് ആഴ്ചയ്ക്കുള്ളിൽ മാർഗനിർദേശങ്ങൾ രൂപീകരിക്കാനും കോടതി നിർദേശിച്ചിരുന്നു.

## കൂടുതൽ ഇളവുകൾക്ക് സാധ്യത; ഹോട്ടലുകളിൽ ഇരുന്ന് കഴിക്കാൻ അനുവദിച്ചേക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ അനുവദിക്കാനൊരുങ്ങി സർക്കാർ. ചൊവ്വാഴ്ച ചേരുന്ന അവലോകന യോഗത്തിൽ കൂടുതൽ ഇളവുകൾ നൽകുന്ന കാര്യത്തിൽ തീരുമാനമുണ്ടാകും. ഹോട്ടലിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുമതി നൽകുന്നത് അടക്കമുള്ള ഇളവുകൾക്കാണ് സാധ്യത. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ശനിയാഴ്ചയും തുറന്നു പ്രവർത്തിക്കാൻ തീരുമാനമുണ്ടാകും. സർക്കാർ ജീവനക്കാർക്ക് പഞ്ചിംഗ് തിരിച്ചു വരികയാണ്. സർക്കാർ ജീവനക്കാർക്ക് കാർഡ് വഴിയുള്ള പഞ്ചിംഗ് നിർബന്ധമാക്കും. കോവിഡ് വ്യാപനം കണക്കിൽ എടുത്തായിരുന്നു പഞ്ചിംഗ് ഒഴിവാക്കിയത്.

സംസ്ഥാനത്ത് കോവിഡ് വ്യാപനം കുറയുന്ന പശ്ചാത്തലത്തിലാണ് ഇളവുകൾ വരുന്നത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും സംസ്ഥാനത്ത് കുറയുന്നുണ്ട്. അടുത്ത മാസം മുതൽ സംസ്ഥാനത്ത് കോളജുകൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്.

## തത്ര ഭവാൻ...തത്ര ഭവതി.. പ്രയോഗങ്ങളുമായി പോലീസ് വിജ്ഞാനനിഘണ്ടു




എടാ, എടീ എന്നൊന്നും ഇനി പോലീസുകാർ വിളിക്കരുതെന്നാണു കേരള ഹൈക്കോടതിയുടെ കൽപന.വെറും കൽപനയല്ല.കല്ലേപ്പിളർക്കുന്ന കൽപനയാണ്.കൽപന വന്നു നേരത്തോടു നേരം കഴിയും മുമ്പേ പോലീസുകാർ നിരത്തിലിറങ്ങി വഴിയിൽ കാണുന്നവരെയും കാണുന്നവളുമാരെയും തത്ര ഭവാൻ...,തത്ര ഭവതി.. എന്നു വിളിച്ചു തുടങ്ങി.പോരാത്തതിന് അവരോട് ..അവിടുത്തേക്ക് തിരുവുള്ളക്കേട് തോന്നുകില്ലെങ്കിൽ ഞാനൊന്നുണർത്തിച്ചോട്ടെ.. എന്നു കൂടി ചോദിക്കാൻ തുടങ്ങി.ഇനിയാർക്കും പോലീസിനെ കുറ്റം പറയാനാവില്ല.പെരുമാറ്റത്തിൽ സ്കോട്ട്ലൻഡ്യാഡും തോറ്റുപോകും.

എന്നാൽ ഹൈക്കോടതി വിലക്കാത്ത ചില പദപ്രയോഗങ്ങലുണ്ട്.എടാ....മോനേ, എടീ......മോളേ എന്നിവക്ക് വിലക്കില്ലാത്തിടത്തോളം കാലം കേരളപൊലീസിന് ഒരു ചുക്കും ചുണ്ണാമ്പും സംഭവിക്കാൻ പോകുന്നില്ല.പൊലീസ് വിജ്ഞാനനിഘണ്ടു രചിച്ച രമേശൻനായർ പോലും ഈ വാക്കുകളൊന്നും അതിൽ ഉൾപ്പെടുത്തിയിട്ടില്ല.അത്രത്തോളം കാലം ഈ വാക്കുകൾ ഉപയോഗിക്കുന്നതിനു വിലക്കു കൽപിക്കാനുമാവില്ല.നമ്പൂതിരിയെ മനുഷ്യനാക്കാൻ വി.ടി. ഭട്ടതിരിപ്പാടു ശ്രമിച്ചിട്ടു നടക്കാത്ത നാടാണു കേരളം.പിന്നെയാണോ കേരള പൊലീസിനെ മനുഷ്യരാക്കാൻ ഹൈക്കോടതി... അല്ലെങ്കിൽ പോലീസ് വിജ്ഞാനനിഘണ്ടുവിന്റെ ഒരു കോപ്പി പരിശീലന കാലത്തു തന്നെ എല്ലാ ട്രെയിനികൾക്കും നൽകണം.നൽകിയാൽ മാത്രം പോരാ.അതു സ്ഥിരമായി യൂണിഫോമിന്റെ വലതു പോക്കറ്റിൽ സൂക്ഷിക്കാനും നിർദ്ദേശിക്കണം.സന്ദിഗ്ധ ഘട്ടങ്ങളിൽ നിഘണ്ടു നോക്കി വേണം പൊതുജനത്തെ അഭിസംബോധന ചെയ്യാനെന്നും കൽപന പുറപ്പെടുവിക്കണം.

വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടാകുന്ന കാലം കഴിഞ്ഞു.ഇപ്പോൾ ഫോണെടുത്തവരെല്ലാം ഫോട്ടോഗ്രാഫർമാരാകുന്ന കാലമാണ്.ഇല്ലെങ്കിൽ പിന്നെ എങ്ങിനെയാണ് കേരള പോലീസിനെക്കുറിച്ചു ഇത്രമാത്രം കള്ളക്കഥകൾ പ്രചരിക്കുന്നത്....പൊലീസിന്റെ ജാതകദോഷം ഗണിച്ചറിയാൻ പാലച്ചോട്ടിൽ ഗണകന്റെയോ.., പാഴൂർ പടിപ്പുരയുടെയോ സഹായം തേടേണ്ടതില്ല.വെറ്റില നോട്ടമോ, നാഡീ ജ്യോതിഷമോ തിരക്കേണ്ടതില്ല.അറബിമാന്ത്രീകമോ മഷിയിട്ടു നോക്കലോ ഒരിക്കലും ചെയ്യരുത്.റിട്ടയർ ചെയ്ത ഐഏഎസ്സുകാരിലും ഐപിഎസ്സ്കാരിലും മഹാജ്യോതിഷികളും മഹാമാന്ത്രീകരും ഒരുപാടുണ്ട്.അശ്വനീദേവകളും, സൂര്യകാലടിയും, കടമറ്റത്തു കത്തനാരും ഇവരെക്കാണ്ടാൽ കാൽതൊട്ടു വന്ദിച്ചു കപ്പം കൊടുത്തു മുന്നടി പിന്നോട്ടു നടന്നു തിരിച്ചു പോകാറാണു പതിവ്.ഇവരിൽ ആരെയെങ്കിലും പോലീസ് ആസ്ഥാനത്തു ജ്യോതിഷ ഉപദേഷ്ടാക്കളായി വയ്ക്കണം.എത്രയോ ഉപദേഷ്ടാക്കളെ പോലീസിൽ വച്ചിരിക്കുന്നു.... അക്കൂട്ടത്തിൽ ഒരു ജ്യോതിഷ ഉപദേഷ്ടാവിനെക്കൂടി വച്ചാൽ ഒട്ടും അധികപ്പറ്റാവില്ല.അവർ നൽകുന്ന ചാർത്ത് പോലീസ് പിആർഒ പത്രക്കുറിപ്പായി ഇറക്കണം.പ്രത്യേകം തലക്കെട്ടൊന്നും വേണ്ട...പ്രശ്നവശാൽ...എന്നൊരു പൊതു തലക്കെട്ടു മതി.പൊതുജനത്തിന് തൃപ്തിയാകും.വായിക്കുന്നവർ,വായിക്കുന്നവർ വയറുനിറഞ്ഞ് ഏമ്പക്കവും വിടുമെന്നത് മൂന്നു തരം.

## നിപ ആശങ്ക അകലുന്നു: 17 പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവ്

തിരുവനന്തപുരം: നിപ സമ്പർക്കപ്പട്ടികയിലുള്ള 17 പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതിൽ അഞ്ച് പേരുടെ സാംപിളുകൾ എൻഐവി പൂനയിലും ബാക്കി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേകമായി സജ്ജമാക്കിയ ലാബിലുമാണ് പരിശോധിച്ചത്. ഇതോടെ 140 പേരുടെ സാമ്പിളുകളാണ് നെഗറ്റീവാണെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

ഇതോടെ സംസ്ഥാനത്തെ നിപ വൈറസ് ആശങ്ക ഏറെക്കുറെ ഒഴിഞ്ഞിരിക്കുകയാണ്. നിപ സമ്പർക്കപ്പട്ടികയിലുള്ള 15 പേരുടെ ഫലങ്ങൾ ഞായറാഴ്ച നെഗറ്റീവ് ആയിരുന്നു. ആശുപത്രിയിൽ കഴിയുന്ന ആരുടെയും ആരോഗ്യനിലയിൽ പ്രശ്നങ്ങളില്ല. നിരീക്ഷണം ശക്തമായി തുടരുകയാണെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കിയിരുന്നു.

മൃഗസംരക്ഷണ വകുപ്പ് പരിശോധനയ്ക്കയച്ച വവ്വാലുകളുടെയും ആടുകളുടെയും സാംപിളുകളിലും വൈറസിൻറെ സാന്നിധ്യമില്ലെന്നു സ്ഥിരീകരിച്ചിരുന്നു. ഭോപ്പാൽ ലാബിലാണ് സാംപിളുകൾ പരിശോധിച്ചത്.

## പ്ലസ്ടു മാർക്ക് മുഖ്യം; നീറ്റ് പരീക്ഷയെ ഒഴിവാക്കാനുള്ള ബിൽ പാസാക്കി തമിഴ്നാട്

ചെന്നൈ: മെഡിക്കൽ കോഴ്സുകൾക്ക് പ്ലസ്ടു പരീക്ഷാ മാർക്കിൻറെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതിനുള്ള ബിൽ തമിഴ്നാട് നിയമസഭ പാസാക്കി. മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നിയമസഭയിൽ അവതരിപ്പിച്ച ബില്ലിനെ എഐഎഡിഎംകെ, പിഎംകെ, കോൺഗ്രസ് അടക്കമുള്ള പാർട്ടികൾ പിന്തുണച്ചു. അതേസമയം ബില്ലിനെതിരേ ബിജെപി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി നിയമസഭായോഗം ബഹിഷ്കരിച്ചു.

റിട്ട.ജഡ്ജി എ.കെ രാജൻറെ നേതൃത്വത്തിലുള്ള ഉന്നതതല സമിതി ജൂലൈയിൽ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ബിൽ തയാറാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് മെഡിക്കൽ ബിരുദ കോഴ്സുകൾ, ഡെൻറിസ്ട്രി, ഇന്ത്യൻ മെഡിസിൻ, ഹോമിയോപ്പതി എന്നീ കോഴ്സുകളിലേക്ക് പന്ത്രണ്ടാം ക്ലാസ് പരീക്ഷയിലെ മാർക്കിൻറെ അടിസ്ഥാനത്തിൽ പ്രവേശനം നൽകാനാണ് ബിൽ ശിപാർശ ചെയ്യുന്നത്.

സംസ്ഥാനത്ത് മെഡിക്കൽ എൻട്രൻസ് പരീക്ഷയായ നീറ്റ് പരീക്ഷ അവസാനിപ്പിക്കാനുള്ള നീക്കവുമായാണ് ബിൽ കൊണ്ടുവന്നത്. നീറ്റ് പരീക്ഷാപ്പേടിയിൽ സംസ്ഥാനത്ത് ധനുഷ് എന്ന വിദ്യാർഥി ജീവനൊടുക്കിയതോടെയാണ് തമിഴ്നാട് സർക്കാരിൻറെ നിർണായക തീരുമാനം. നീറ്റിനെതിരെ സംസ്ഥാനത്തിൻറെ പോരാട്ടം ഇവിടെ തുടങ്ങുകയാണെന്നാണ് ബിൽ അവതരിപ്പിച്ച് സ്റ്റാലിൻ പ്രഖ്യാപിച്ചത്. സാമൂഹിക നീതി ഉറപ്പാക്കാനാണ് ഈ തീരുമാനമെന്നാണ് വിശദീകരണം.

ഡിഎംകെ അധികാരത്തിൽ വന്നതിനു ശേഷം നീറ്റിനെകുറിച്ച് പഠിക്കാൻ കമ്മീഷനെ വച്ചതും നീറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചതും ധനുഷിനെപ്പോലുള്ള വിദ്യാർഥികൾക്ക് അനാവശ്യ പ്രതീക്ഷകൾ നൽകിയെന്നു എഐഎഡിഎംകെ നേതാവ് എടപ്പാടി പളനിസാമി ആരോപിച്ചു.

## നടൻ റിസബാവ അന്തരിച്ചു

കൊച്ചി: നടൻ റിസബാവ (55) അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. വൃക്ക സംബന്ധമായ അസുഖങ്ങളെ തുടർന്ന് കുറച്ചുകാലമായി ചികിത്സയിലായിരുന്നു.

കുറച്ചു ദിവസങ്ങളായി വെൻറിലേറ്ററിൻറെ സഹായത്തോടെയാണ് ജീവൻ നിലനിർത്തിയിരുന്നത്. രാവിലെ മുതൽ നില വഷളായി ഉച്ചയോടെയാണ് മരണം സംഭവിച്ചത്. കുടുംബാംഗങ്ങളും അടുത്ത സുഹൃത്തുക്കളും മരണ സമയത്ത് അടുത്തുണ്ടായിരുന്നു.

സ്വഭാവ നടനായും വില്ലൻ വേഷങ്ങളിലും തിളങ്ങി നിന്ന റിസബാവ നാടകത്തിലൂടെയാണ് സിനിമയിൽ എത്തിയത്. സീരിയൽ രംഗത്തും ശ്രദ്ധനേടിയ താരം ഡബ്ബിംഗിലും മികവ് പുലർത്തിയിരുന്നു. ഡബ്ബിംഗിന് സംസ്ഥാന പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയിട്ടുമുണ്ട്. ബ്ലെസി സംവിധാനം ചെയ്ത പ്രണയം എന്ന ചിത്രത്തിൽ ബോളിവുഡ് താരം അനുപം ഖേറിന് ശബ്ദം നൽകിയത് മികച്ച പ്രതികരണമുണ്ടാക്കി.

ഷാജി കൈലാസ്രഞ്ജി പണിക്കർ ചിത്രം ഡോ. പശുപതിയിലൂടെയാണ് അദ്ദേഹം മലയാള സിനിമാ ലോകത്തേക്ക് കാൽവയ്പ് നടത്തിയത്. സായികുമാർ ചെയ്യാനിരുന്ന വേഷം അദ്ദേഹത്തിൻറെ തിരക്ക് മൂലം അപ്രതീക്ഷിതമായി റിസബാവ എന്ന നടനിലേക്ക് എത്തുകയായിരുന്നു. സിദ്ധിഖ്ലാൽ കൂട്ടുകെട്ടിൽ ഒരുങ്ങിയ ഇൻ ഹരിഹർ നഗർ എന്ന ചിത്രത്തിലെ ജോൺ ഹോനായി എന്ന വില്ലൻ വേഷമാണ് അദ്ദേഹത്തെ മലയാള സിനിമാലോകത്ത് ശ്രദ്ധാകേന്ദ്രമാക്കിയത്. ഇരിക്കൂ എംഡി അകത്തുണ്ട്, വക്കീൽ വാസുദേവ്, തിരുത്തൽവാദി, മലപ്പുറം ഹാജി മഹാനായ ജോജി, നേരറിയാൻ സിബിഐ, ആനവാൽ മോതിരം, ഫസ്റ്റ് ബെൽ, ബന്ധുക്കൾ ശത്രുക്കൾ, ഹലോ, കാബൂളിവാല, ചുക്കാൻ, വധു ഡോക്ടറാണ്, തക്ഷശില

## ഓസ്കർ ഫെർണാണ്ടസ് അന്തരിച്ചു



മംഗളൂരു: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ഓസ്കർ ഫെർണാണ്ടസ് (80) അന്തരിച്ചു. ജൂലൈയിൽ യോഗ ചെയ്യുന്നതിനിടെ വീണ് പരിക്കേറ്റ അദ്ദേഹം മംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഭാര്യയും രണ്ടു മക്കളുമുണ്ട്.

രണ്ടു യുപിഎ മന്ത്രിസഭകളിലും അംഗമായിരുന്ന അദ്ദേഹം കായികം, ഗതാഗതം, യുവജനക്ഷേമം, തൊഴിൽ തുടങ്ങിയ വകുപ്പുകളിൽ ശ്രദ്ധേയ പ്രകടനം കാഴ്ചവച്ചു. രാഷ്ട്രീയ പ്രവർത്തനത്തിന് പുറമേ സാമൂഹ്യപ്രവർത്തനത്തിലും സജീവമായിരുന്നു. 1941 മാർച്ച് 27ന് ഉഡുപ്പിയിലാണ് അദ്ദേഹം ജനിച്ചത്. കോൺഗ്രസ് രാഷ്ട്രീയത്തിലെ സജീവ മുഖമായിരുന്ന അദ്ദേഹം 1980ൽ ഉഡുപ്പിയിൽ നിന്നാണ് ആദ്യം ലോക്സഭയിൽ എത്തിയത്. പിന്നീട് 18 വർഷം ഉടുപ്പിയുടെ ജനപ്രതിനിധിയായിരുന്നു.

## നയിക്കാൻ പ്രിയങ്ക; യുപി തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് പോരാടാൻ കോൺഗ്രസ്

ന്യൂഡൽഹി: അടുത്ത വർഷം നടക്കുന്ന ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റുകളിലും കോൺഗ്രസ് ഒറ്റയ്ക്ക് മത്സരിക്കും. കോൺഗ്രസിനെ പ്രിയങ്ക ഗാന്ധി വാദ്ര നയിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് സൽമാൻ ഖുർഷിദ് വ്യക്തമാക്കി. സമാജ്വാദി പാർട്ടി സഖ്യത്തിൽ നിന്ന് പിന്മാറിയതോടെയാണ് കോൺഗ്രസിൻറെ നീക്കം.

പൂർണ ആത്മവിശ്വാസത്തോടെയാകും കോൺഗ്രസ് ഈ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. പാർട്ടി നേതാക്കൾ ഓരോ മണ്ഡലങ്ങളും സന്ദർശിച്ച് ജനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തി പ്രശ്നങ്ങൾ പഠിക്കും. അതിന് ശേഷമാകും ഇത്തവണത്തെ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പത്രിക പുറത്തിറക്കുകയെന്നും ഖുർഷിദ് അറിയിച്ചു.

കോൺഗ്രസിൻറെ മുഖ്യമന്ത്രി സ്ഥാനാർഥി ആരായിരിക്കും എന്നുള്ള ചോദ്യം പലയിടങ്ങളിൽ നിന്നായി ഉയരുന്നുണ്ട്. മുഖ്യമന്ത്രി സ്ഥാനാർഥിയെ പ്രിയങ്കയുടെ നേതൃത്വത്തിലാകും തീരുമാനിക്കുകയെന്നും ഖുർഷിദ് പറഞ്ഞു. കർഷകരുടെ ആവശ്യങ്ങൾ, സ്ത്രീ സുരക്ഷ എന്നിവയാകും തെരഞ്ഞെടുപ്പ് പത്രികയിലെ പ്രധാന വിഷയങ്ങൾ.

അടുത്ത വർഷം ആദ്യത്തോടെയാകും യുപി നിയമസഭ തെരഞ്ഞെടുപ്പ്. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തന്നെയാകും ബിജെപിയെ നയിക്കുക. 2017ൽ മികച്ച വിജയമാണ് സംസ്ഥാനത്ത് ബിജെപി നേടിയത്.



സ്ഥാനമൊഴിഞ്ഞ ശേഷം പുതിയ ചുമതലയിലേക്ക് മടങ്ങുന്ന മുൻ ജില്ലാ കലക്ടർ ബി. അബ്ദുൾ നാസർ

# സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തിൽ റബ്ബർമേഖലയും

തിരുവനന്തപുരം: സ്വാതന്ത്ര്യം നേടിയതിന്റെ എഴുപത്തിയഞ്ചാം വാർഷികം അമൃത മഹോത്സവത്തിന്റെ ഭാഗമായി വാണിജ്യ വ്യവസായ മന്ത്രാലയം സെപ്തംബർ 20 മുതൽ 26 വരെയുള്ള കാലയളവിൽ പ്രത്യേക ആഘോഷപരിപാടികൾ നടത്തും. ഈ ദിവസങ്ങളിൽ ആഘോഷങ്ങളുമായി ബന്ധപ്പെട്ട സന്ദേശം റബ്ബർമേഖലയിൽ എത്തിക്കുന്നതിനും റബ്ബർമേഖലയെ പങ്കെടുപ്പിക്കുന്നതിനുമായി റബ്ബർബോർഡ് വിവിധപരിപാടികൾ നടത്തും.

ഇതിന്റെ ഭാഗമായി രാജ്യത്തെ റബ്ബർമേഖലയിലൊട്ടാകെ പ്രത്യേക ടാപ്പിങ് പരിപാടികൾ സംഘടിപ്പിക്കും. കർഷകരും തൊഴിലാളികളുമടക്കം 7.5 ലക്ഷം പേരെ പങ്കെടുപ്പിക്കാൻ ബോർഡ് ലക്ഷ്യമിടുന്നു. കർഷകർ, റബ്ബറുത്പാദകസംഘങ്ങൾ, റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എന്നിവരുടെയെല്ലാം സഹകരണത്തോടെ ആയിരിക്കും ഈ പരിപാടി.

അമൃതോത്സവത്തോടനുബന്ധിച്ച് ഇതേ കാലയളവിൽ ആട്ടോമൊബൈൽ മാനുഫാക്ചറേഴ്സ് അസോസിയേഷന്റെയും നബാർഡിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് റബ്ബർ പ്ലാന്റിങ് ഡെവലപ്മെന്റ് പ്ലാനിന്റെ ഭാഗമായി വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ 750 ഹെക്ടർ സ്ഥലത്ത് റബ്ബർതൈകൾ നടുന്നതിനും റബ്ബർബോർഡ് തീരുമാനിച്ചിട്ടുണ്ട്. റബ്ബർതൈകൾക്ക് 3035 വർഷക്കാലത്തേക്ക് ആദായം നൽകാൻ കഴിയുമെന്നതിനാൽ ഇപ്പോൾ നടുന്ന തൈകൾ സ്വാതന്ത്ര്യത്തിന്റെ 100ാമത് ആഘോഷവേളയിൽ 75ാമത് വാർഷികാചരണത്തിന്റെ സ്മരണയായി നിലനിൽക്കും.

അമൃത മഹോത്സവത്തിന്റെ ഭാഗമായി ഇന്ത്യയെ ഒരു സാമ്പത്തികശക്തിയായി ഉയർത്തിക്കാട്ടുന്നതിന് സെപ്റ്റംബർ 21,22 തീയതികളിൽ ത്രിപുര സംസ്ഥാനത്തു നടത്തുന്ന വാണിജ്യോത്സവത്തിലും റബ്ബർ ബോർഡ് പ്രധാന പങ്കാളിയാകും.

സ്വാതന്ത്ര്യാഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 2 വരെ കേന്ദ്ര യുവജനകാര്യ സ്പോർട്സ് മന്ത്രാലയം സംഘടിപ്പിക്കുന്ന 'ഫിറ്റ് ഇന്ത്യ റൺ 2.0' ലും റബ്ബർ ബോർഡ് പങ്കുചേരും.

ഇതിന്റെ ഭാഗമായി ജീവനക്കാരെയും കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ബോർഡിന്റെ കോട്ടയത്തുള്ള കേന്ദ്ര ഓഫീസിലും ഗോഹട്ടി, അഗർത്തല എന്നീ ഓഫീസുകളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഓട്ടം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി.

കോട്ടയത്ത് സെപ്റ്റംബർ 18 രാവിലെ 6.30ന് ബോർഡിന്റെ ഹെഡ് ഓഫീസിൽനിന്ന് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വരെയാണ് ഓട്ടം സംഘടിപ്പിച്ചിരിക്കുന്നത്.

# വി സി നിയമനം : ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് കുഫോസ്

കൊച്ചി : കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞനായ ഡോ. കെ. റിജി ജോണിനെ വൈസ് ചാൻസലറായി നിയമിച്ചത് യുജിസി ചട്ടങ്ങൾ ലംഘിച്ചാണെന്ന ആരോപണം വാസ്തവവിരുദ്ധമാണെന്ന് കുഫോസ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

പിഎച്ച്ഡി നേടിയ ശേഷം പ്രൊഫസർ തസ്തികയിൽ പത്ത് വർഷത്തെ പരിചയം വേണം എന്ന യുജിസി നിബന്ധന പാലിക്കാൻ ഡോ. റിജി ജോൺ പിഎച്ച്ഡി ഗവേഷണത്തിന്റെ കാലയളവായ മൂന്ന് വർഷവും പ്രൊഫസർ ജോലി പരിചയത്തിൽ ചേർത്തു എന്ന് ഹൈക്കോടതിയെയും മാധ്യമങ്ങളെയും തെറ്റിദ്ധരിപ്പിക്കാനാണ് ചില തൽപരകക്ഷികൾ ശ്രമിക്കുന്നത്.

പ്രശസ്തമായ ബ്രീട്ടീഷ് കോമൺവെത്ത് ഫെല്ലോഷിപ്പ് നേടി സ്കോട്ട്ലാൻഡിലെ സ്റ്റെർലിങ്ങ് യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തിയാണ് റിജി ജോൺ 1997 ൽ പിഎച്ച്ഡി നേടിയത്. അതിന് ശേഷം യുഎസിലെ മേരിലാൻഡ് സർവകലാശാലയിൽ 2000 ൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണവും പൂർത്തികരിച്ചു.

എന്നാൽ ജോലി ചെയ്തിരുന്ന തമിഴ്നാട് വെറ്ററിനറി ആന്റ് അനിമൽ സർവകലാശാലയിൽ ഡോ. റിജി ജോണിന് പ്രൊഫസറായി സ്ഥാനക്കയറ്റം ലഭിച്ചത് 2007 ൽ മാത്രമാണ്.

തുടർന്ന് 13 വർഷവും 10 മാസവും അവിടെ പ്രൊഫസറായും പ്രൊമോഷൻ തസ്തികയായ ഡീനായും ജോലി ചെയ്ത ശേഷമാണ് 2019 ഏപ്രിൽ 25 ന് കുഫോസിൽ ഫിഷറീസ് ഡീനായി നിയമിതനായത്.

തുടർന്ന് 2021 ജനുവരി 25 ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഡോ. കെ റിജി ജോണിനെ വൈസ് ചാൻസലറായി നിയമിച്ചു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെയും സംസ്ഥാന സർക്കാരിന്റെയും പ്രതിനിധികളായ രാജ്യത്തെ പ്രമുഖ ശാസ്ത്രജ്ഞരടങ്ങിയ സെലക്ഷൻ ബോർഡ് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച്, അഭിമുഖം നടത്തിയാണ് വൈസ് ചാൻസലറെ തെരഞ്ഞടുത്തത്.

സെലക്ഷൻ കമ്മിറ്റി ഡോ. റിജി ജോണിന്റെ പേര് മാത്രമാണ് വിസി നിയമനത്തിനായി ഗവർണറുടെ പരിഗണനക്കായി നൽകിയത്.

ഇതൊന്നും പരിശോധിക്കുകപോലും ചെയ്യാതെയാണ് അന്യസംസ്ഥാന ലോബി നേതൃത്വം നൽകുന്ന ഒരു ഗൂഢസംഘം പൊതുജനങ്ങളെയും മാധ്യമങ്ങളെയും കോടതികളെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതെന്ന് കുഫോസ് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

# നൂറിലധികം വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് ടാബ്ലറ്റ് നൽകി കിംസ്ഹെൽത്ത്

തിരുവനന്തപുരം: കിംസ്ഹെൽത്തിന്റെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പെരുമാതുറയിലെ വിവിധ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട നൂറിലധികം വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പഠനോപകരണമായ ഇലക്ട്രോണിക് ടാബ്ലറ്റ് വിതരണം ചെയ്തു. പെരുമാതുറ മാടൻവിള എസ്ഐയുപി സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ടാബ്ലറ്റ് വിതരണോദ്ഘാടനം നിർവ്വഹിച്ചു.

വി ശശി എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. മുഖ്യമന്ത്രിയുടെ 'വിദ്യാകിരണം' വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായാണ് ഇത്തരത്തിൽ ഒരു പഠനസഹായ പ്രവർത്തനം നൽകുവാൻ തീരുമാനിച്ചതെന്ന് കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം ഐ സഹദുള്ള അഭിപ്രായപ്പെട്ടു. തന്റെ ജൻമനാടായ പെരുമാതുറ എന്ന തീരദേശ ഗ്രാമത്തിലെ പാവപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളെയാണ് കിംസ്ഹെൽത്ത് സിഎസ്ആർ വിഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും അദ്ദേഹം പറഞ്ഞു.

ഓൺലൈൻ പഠനാവശ്യത്തിനായി നൽകുന്ന മൊബൈൽ ഫോണുകൾ വിദ്യാർത്ഥികൾ ദുരുപയോഗം ചെയ്യരുതെന്നും ഓൺലൈൻ ചതിക്കുകഴികളിൽ വീഴുന്നതിൽ നിന്ന് രക്ഷിതാക്കൾ കുട്ടികളെ സംരക്ഷിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിനിടെ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സിഎസ്ആർ ഫണ്ട് ചെലവഴിക്കുന്നതിൽ കിംസ്ഹെൽത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കിംസ്ഹെൽത്ത് സിഒയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (സിഐഐ) സിഎസ്ആർ കമ്മിറ്റി മെമ്പറുമായ രശ്മി അയിഷയുടെ നേതൃത്വത്തിൽ സിഐഐയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. കിംസ്ഹെൽത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ എം നജീബ് പ്രസിഡന്റായ പെരുമാതുറ സ്നേഹതീരം ചാരിറ്റബിൾ ട്രസ്റ്റ് ആണ് ടാബ്ലറ്റ് വിതരണ പ്രവർത്തനങ്ങൾ നടത്തിയത്.

അഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ അനിൽ, പഞ്ചായത്ത് അംഗങ്ങളായ ഷാജഹാൻ, സജീന അമീൻ, ബി കബീർ, അൻസിൽ അൻസാരി, അബ്ദുൾ വാഹിദ്, സ്നേഹതീരം ജനറൽ സെക്രട്ടറി എസ് സക്കീർ ഹുസൈൻ, മുസ്ലീം അസോസിയേഷൻ പ്രസിഡൻറ് നാസർ കടയറ എന്നിവർ പങ്കെടുത്തു.

# വയോജനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം: മുഖ്യമന്ത്രി

തിരുവനന്തപുരം: വയോജനങ്ങളുടെയും അവരിൽ രോഗബാധിതരായവരുടെയും കാര്യത്തിൽ ആരോഗ്യവകുപ്പ് പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നവകേരളം കർമ്മപദ്ധതി ആർദ്രം സംസ്ഥാന കർമ്മ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പരസഹായത്തോടെ മാത്രം കാര്യങ്ങൾ ചെയ്യാനാകുന്ന നിരവധി വയോജനങ്ങളുണ്ട്. നിലവിലുള്ള പാലിയേറ്റീവ് സംവിധാനത്തിനു പുറമേ ആരോഗ്യ സംവിധാനത്തിന്റെ പ്രത്യേക ശ്രദ്ധ ഇത്തരക്കാരുടെ കാര്യത്തിൽ ഉണ്ടാവണം. സംസ്ഥാനവ്യാപകമായി ആരോഗ്യ കേന്ദ്രങ്ങളിലെ ഒരു വിഭാഗം ജീവനക്കാർ മാസത്തിൽ ഏതാനും ദിവസം അവശതയനുഭവിക്കുന്ന വയോജനങ്ങളെ കാണാനും വിവരം അന്വേഷിക്കാനും തയാറാകണം. അപൂർവ മാരകരോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ന്യായമായ വിലക്ക് സംസ്ഥാനത്ത് ലഭ്യമാക്കുന്ന കാര്യം ആലോചിക്കും. ജീവിതശൈലി രോഗങ്ങൾ കണ്ടെത്താൻ വാർഷിക ഹെൽത്ത് ചെക്കപ്പ് നടത്തണം. സ്വയം പരിശോധന നടത്താൻ മുന്നോട്ടുവരാത്ത ആൾക്കാരെ ക്യാമ്പയിൻ എന്ന നിലയിൽ കണ്ടെത്തി പരിശോധിപ്പിക്കണം. ഒഴിഞ്ഞുനിൽക്കാനുള്ള പ്രവണതയുള്ളവരെ കൂടി ഭാഗമാക്കി കഴിയാവുന്നത്ര ജനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കെടുപ്പിച്ച് ജീവിതശൈലി രോഗങ്ങൾ കണ്ടെത്താൻ ശക്തമായ ക്യാമ്പയിൻ അതത് പ്രദേശങ്ങളിൽ നടത്തണം. ലാബ് സൗകര്യം വർധിപ്പിക്കും. ടെലി മെഡിസിൻ വ്യാപകമാക്കും.

ക്ഷയം, മലേറിയ, മന്ത്, തുടങ്ങിയ രോഗങ്ങൾ പൂർണമായും നിർമ്മാർജനം ചെയ്യാനാകണം. കാൻസർ വ്യാപനം തടയാനും മുൻകൂട്ടി കണ്ടെത്താനും ശക്തമായ നടപടികൾ ഉണ്ടാകണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കൂടുതൽ മെച്ചപ്പെടുത്താൻ പദ്ധതിയുടെ ഭാഗമായി നടപടി എടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പകർച്ചവ്യാധികൾ ശക്തിപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പും ശാസ്ത്രസാങ്കേതിക കൗൺസിലും ഏകോപിതമായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തണം. ഐസോലേഷൻ ബ്ലോക്കുകൾ കാലതാമസമില്ലാതെ പ്രാവർത്തികമാക്കണം. വാക്സിൻ നിർമ്മാണ കേന്ദ്രത്തിന് മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു.

മിഷൻ പ്രവർത്തനത്തിന് ആവശ്യമായ നോഡൽ ഓഫീസർമാരെ നിശ്ചയിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. യോഗത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജൻ ഖൊബ്രഗഡെ, നവകേരളം കർമ്മപദ്ധതി കോഓർഡിനേറ്റർ ടി എൻ സീമ തുടങ്ങിയവർ സംസാരിച്ചു.

# തിരുവനന്തപുരത്ത് 35 വിദ്യാലയങ്ങൾകൂടി മികവിന്റെ കേന്ദ്രങ്ങളാകുന്നു

തിരുവനന്തപുരം: പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ 35 വിദ്യാലയങ്ങൾകൂടി മികവിന്റെ കേന്ദ്രങ്ങളാകുന്നു. ഇതിന്റെ ഭാഗമായി 12 വിദ്യാലയങ്ങളിൽ പുതുതായി നിർമിച്ച 13 ബഹുനില മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിനു സമർപ്പിക്കും. അഞ്ചു വിദ്യാലയങ്ങളിലെ നവീകരിച്ച ഹയർ സെക്കൻഡറി ലാബുകളുടെ ഉദ്ഘാടനവും 18 വിദ്യാലയങ്ങളിൽ പുതുതായി നിർമ്മിക്കുന്ന ബഹുനില മന്ദിരങ്ങളുടെ ശിലാസ്ഥാപനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിക്കും.

മൂന്നു കോടിയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ചു നിർമിച്ച വെള്ളനാട് ജിവിഎച്ച്എസ്എസ്. അക്കാദമിക് ബ്ലോക്ക്, പ്ലാൻ ഫണ്ടിൽപ്പെടുത്തി നിർമ്മിച്ച ആലന്തറ ജിയുപിഎസ്, വിതുര ജിയുപിഎസ്, വിളവൂർക്കൽ ജിവിഎച്ച്എസ്എസ്(രണ്ടു മന്ദിരങ്ങൾ), പൊഴിയൂർ ജിയുപിഎസ്, പള്ളിക്കൽ ജിഎച്ച്എസ്എസ് (ലാബ്, ലൈബ്രറി), കോട്ടുകാൽ ജിവിഎച്ച്എസ്എസ്(നബാർഡ് ഫണ്ട്) കെട്ടിടങ്ങൾ, എസ്എസ്കെ. ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച നെയ്യാർഡാം ജിഎച്ച്എസ്എസ് മടത്തറ കാണി ജിഎച്ച്എസ്, വിതുര ജിവിഎച്ച്എസ്എസ്, കരിപ്പൂർ ജിഎച്ച്എസ് കെട്ടിടങ്ങൾ എന്നിവയും കൊക്കോതമംഗലം ജിഎൽപിഎസിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ചു നിർമിച്ച കെട്ടിടവുമാണു മുഖ്യമന്ത്രി നാടിനു സമർപ്പിക്കുന്നത്. ജിജി എച്ച്എസ്എസ്. കോട്ടൺഹിൽ, ജിഎം ബിഎച്ച്എസ്എസ് ആറ്റിങ്ങൽ, ജിഎച്ച്എസ്എസ് നഗരൂർ നെടുംപറമ്പ്, ജിഎച്ച്എസ്എസ് പാളയംകുന്ന് എന്നിവിടങ്ങളിലാണു പുതിയ ലാബുകൾ തുറക്കുന്നത്. ജിഎച്ച്എസ് നഗരൂർ നെടുംപറമ്പ്, ജിവിഎച്ച്എസ്എസ് ആലങ്കോട്, ജിടിയുപിഎസ് ആറ്റിങ്ങൽ, ജിഎച്ച്എസ്എസ് കവലയൂർ, ജിഎച്ച്എസ് കാച്ചാണി, ജിജിഎച്ച്എസ്എസ് പേരൂർക്കട, വി കെ കാണി ജിഎച്ച്എസ് പനയ്ക്കോട്, ജിഎച്ച്എസ് കരിപ്പൂർ, ജിഎച്ച്എസ്എസ് പൂവത്തൂർ, ജിവിഎച്ച്എസ്എസ് കരകുളം, ജിഎച്ച്എസ്എസ് പള്ളിക്കൽ, ജിവിഎച്ച്എസ്എസ് കോട്ടുകാൽ, ജിയുപിഎസ് നേമം, ജിഎച്ച്എസ്എസ് അഴൂർ, ജിഎച്ച്എസ് വെയ്ലൂർ, ജിഎച്ച്എസ്എസ് കരമന, ജിയുപിഎസ് വിളപ്പിൽശാല, ജിഎച്ച്എസ്എസ് വിളവൂർക്കൽ എന്നിവിടങ്ങളിലാണു പുതിയ ബഹുനില മന്ദിരങ്ങൾ നിർമിക്കുന്നത്. നാളെ വൈകിട്ടു 3.30ന് പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ഓൺലൈനായാണ് ഉദ്ഘാടന ചടങ്ങ്. ധനമന്ത്രി കെ.എൻ. ബാലഗോപാൽ മുഖ്യാതിഥിയായി പങ്കെടുക്കും. സ്കൂൾ തല പരിപാടിയിൽ ശിലാഫലകങ്ങളുടെ അനാച്ഛാദനവും ശിലാസ്ഥാപനവും എംഎൽഎമാർ നിർവഹിക്കും.

# കാലഘട്ടത്തിനനുസൃതമായി വനം വകുപ്പിനെ ആധുനീകരിക്കും: മന്ത്രി

തിരുവനന്തപുരം: കാലഘട്ടത്തിനനുസൃതമായി വനം വകുപ്പിനെ ആധുനീകരിക്കുമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ. അരിപ്പ വനപരിശീലനകേന്ദ്രത്തിൽ വനപാലകരുടെ പാസിംഗ് ഔട്ട്കോൺവൊക്കേഷൻ ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വനം വകുപ്പിന്റെ സമസ്ത മേഖലകളെയും ശാക്തീകരിക്കും. വനം സേനയുടെ പ്രവർത്തനങ്ങളിൽ കാലാനുസൃത മാറ്റം കൊണ്ടു വരേണ്ടത് അനിവാര്യമാണ്. ഇതിനായി നൂതനസാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദഗ്ധപരിശീലനം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. വനപാലകർക്ക് വനശാസ്ത്ര വിഷയങ്ങളിലും വന സംരക്ഷണത്തിന്റെ പ്രായോഗിക തലങ്ങളിലും പരിശീലനം ഊർജ്ജിതപ്പെടുത്തും.ഇതോടൊപ്പം മാനുഷിക മുഖമുള്ള പ്രവർത്തനത്തിനായി സജ്ജമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വാളയാർ, അരിപ്പ വനപരിശീലന കേന്ദ്രങ്ങൾ വിവിധ തസ്തികകളിലായി പരിശീലനം പൂർത്തിയാക്കിയ 99 ഉദ്യോഗസ്ഥരുടെ പാസിംഗ് ഔട്ട് പരേഡാണ് അരിപ്പ വനപരിശീലനകേന്ദ്രത്തിൽ നടന്നത്. സബ്ഓർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയ ശേഷം വനപരിശീലനം പൂർത്തിയാക്കിയ ആദ്യബാച്ച് ഡ്രൈവർമാരുടെ 22 അംഗ സംഘവും ഇതിൽ ഉൾപ്പെടുന്നു. പരിശീലനം പൂർത്തിയാക്കിയ എഴുപത്തിആറാമത് ബാച്ചിലെ 37 ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ബിഎഫ്ഒ)മാരിൽ 22 പേരും വനിതകളാണെന്നതും പ്രത്യേകതയാണ്. പരിശീലനത്തിൽ ഒന്നാമതെത്തിയ റേഞ്ച് ഓഫീസർ ഫസിലുദ്ദീൻ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ മുഹമ്മദ് ഹാഷിം, ബിഎഫ്ഒ പ്രിയങ്ക ജി പ്രതാപ് , ഡ്രൈവർമാരായ അഹമ്മദ് കബീർ, ഗിരീഷ് കുമാർ, മാരത്തോൺ മത്സരത്തിൽ ഒന്നാമതെത്തിയ ബിഎഫ്ഒമാരായ അജീഷ്, അക്ഷയ എന്നിവർക്കുള്ള ഉപഹാരങ്ങളും പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു. മുഖ്യ വനംമേധാവി പി കെ കേശവൻ അധ്യക്ഷത വഹിച്ചു. എപിസിസിഎഫ് ഡോ. പി പുകഴേന്തി, സിസിഎഫ് സഞ്ജയൻ കുമാർ, സിഎഫ് നീതു ലക്ഷ്മി, വനപരിശീലന കേന്ദ്രം ഡയറക്ടർ ഡോണി ജി വർഗീസ്, ഡെപ്യൂട്ടി ഡയറക്ടർ മുഹമ്മദ് അൻവർ എന്നിവർ സംബന്ധിച്ചു.

## ശക്തമായ കാറ്റിനു സാധ്യത; മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം: തെക്ക് പടിഞ്ഞാറൻ, മധ്യ പടിഞ്ഞാറൻ അറബിക്കടലിൽ 17 വരെ മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെ വേഗതയിലും ചില അവസരങ്ങളിൽ 60 കി.മീ വരെ വേഗതയിലും വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇതു മുൻനിർത്തി ഈ ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോകരുതെന്നു ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു.

## വിമുക്തഭടൻമാരുടെ മക്കൾക്കും വീരമൃത്യു വരിച്ചവരുടെ വിധവകൾക്കും ആശ്രിതർക്കും വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം, : ഒന്നാം വർഷ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിമുക്ത ഭടന്മാരുടെ മക്കൾക്കും, യുദ്ധ സമാന സാഹചര്യങ്ങളിൽ മരിച്ച ജവാന്മാരുടെ വിധവകൾക്കും ആശ്രിതർക്കും നൽകിവരുന്ന പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അപേക്ഷ ക്ഷണിച്ചു.

മുൻ കേന്ദ്ര സായുധ സേനാനികളുടെ വിധവകൾ, ആശ്രിതർ, യുദ്ധത്തിലോ, തെരഞ്ഞെടുപ്പ് ജോലിക്കിടയിലോ മരണമടയുകയോ, വൈകല്യം സംഭവിക്കുകയോ ചെയ്ത മുൻ സൈനികരുടെ വിധവകൾ, ആശ്രിതർ, ധീരതാ പുരസ്കാരം നേടിയവരുടെ ആശ്രിതർ തുടങ്ങിയവർക്ക് 202122 വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

ദേശീയ സ്കോളർഷിപ്പ് പോർട്ടലായ ഠഠഠ. രെവീഹീ വെശു. ഴീ. ശി വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. 2021 ഒക്ടോബർ 15 ആണ് അവസാന തിയതി.

എഞ്ചിനീയറിംഗ്, മെഡിസിൻ, ഡന്റൽ, വെറ്റിനറി, ബിബിഎ, ബിസിഎ, ബിഫാർമ, ബിഎസ് സി (നഴ്സിംഗ്, അഗ്രികൾച്ചർ തുടങ്ങിയവ), എംബിഎ, എംസിഎ എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് ആദ്യമായി പഠിക്കുന്നവർക്കാണ് അപേക്ഷിക്കാൻ അർഹത.

പ്രവേശന യോഗ്യതയിൽ (പ്ലസ്ടു/ഡിപ്ലോമ / ബിരുദം ) 60 ശതമാനം മാർക്ക് നേടിയിരിക്കണം. ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് വരെയാണ് സ്കോളർഷിപ്പ് ലഭിക്കുക.

പെൺകുട്ടികൾക്ക് മാസത്തിൽ 3,000 രൂപ എന്ന തോതിൽ വർഷത്തിൽ 36,000 രൂപയും ആൺകുട്ടികൾക്ക് 2,500 എന്ന തോതിൽ 30, 000 രൂപയും ലഭിക്കും.

കൂടുതൽ വിവരങ്ങൾക്കും മറ്റു നിബന്ധനകൾക്കും, 01123063111 എന്ന നമ്പറിലോ എന്ന se-cyw-ar-bm-h-a@n-i-c. in എന്ന മെയിലിലോ ബന്ധപ്പെടാം.

## പുകപ്പുരകളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം

തിരുവനന്തപുരം : റബ്ബർഷീറ്റുണക്കുന്ന പുകപ്പുരയുടെ വിവിധമോഡലുകൾ, അവയുടെ നിർമ്മാണം, പ്രവർത്തനം എന്നിവയെക്കുറിച്ചും നിലവിലുള്ള പുകപ്പുരകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം.

ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ സി. മാത്യു ജോസഫ് മറുപടി നൽകും. ഈ പ്രത്യേക 'ഫോൺ ഇൻ' പരിപാടിയിലേക്ക് 2021 സെപ്റ്റംബർ 15 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ 04812576622 എന്ന ഫോൺ നമ്പരിൽ വിളിക്കാം.

നോട്ടിക്കൽ ടൈംസ്



കുളക്കട സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലേക്കുള്ള ഓക്സിജൻ കോൺസൻട്രേറ്റർ മന്ത്രി കെ. എൻ. ബാലഗോപാൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ഹർഷകുമാറിന് കൈമാറുന്നു

# ഭർത്താവിനെ വെട്ടിക്കൊന്ന സംഭവം: ഭാര്യ അറസ്റ്റിൽ

വെള്ളറട: അമ്പൂരിയിൽ ഭർത്താവിനെ വെട്ടിക്കൊന്ന സംഭവത്തിൽ ഭാര്യ ഷീബ എന്നു വിളിക്കുന്ന സുമലത(42)യെ പൊലീസ് അറസ്റ്റു ചെയ്തു. അമ്പൂരി കണ്ടംതിട്ട ജിബു ഭവനിൽ സെൽവമുത്തു(52) ആണ് വെട്ടേറ്റു മരിച്ചത്. ശനിയാഴ്ചയായിരുന്നു സംഭവം.

ഉറങ്ങുമ്പോഴായിരുന്നു സുമലത ഭർത്താവിനെ വെട്ടിക്കൊന്നതെന്ന് സമ്മതിച്ചിട്ടുണ്ട്. ടാപ്പിങ് തൊഴിലാളിയായ സെൽവ മുത്തുവിന് ജോലിക്കിടെ അപകടകരമായ വിധം പരിക്കേറ്റതായാണ് സുമലത നാട്ടുകാരോട് പറഞ്ഞത്. വീടിനകത്തു കയറിയയവരാണ് കഴുത്തിനും തലയ്ക്കും വെട്ടേറ്റ് മരണപ്പെട്ട നിലയിൽ സെൽവ മുത്തുവിനെ കണ്ടെത്തിയത്. തുടർന്ന് നാട്ടുകാർ പൊലീസിനെ അറിയിച്ചു.

സെൽവമുത്തുവും സുമലതയും തമ്മിൽ കുടുംബ കലഹം പതിവാണെന്ന് സമീപവാസികൾ പറയുന്നു. സംഭവ ദിവസവും ഇവർ തമ്മിൽ വഴക്കുണ്ടായി. മൂത്ത മകനായ ജിബിൻ ബാംഗളൂരിൽ നഴ്സിങ് വിദ്യാർത്ഥിയാണ്. ജിത്തു, ജിനു എന്നീ രണ്ടു മക്കൾ സംഭവ ദിവസം ഒപ്പുണ്ടായിരുന്നു. ഓട്ടിസം ബാധിച്ച ഇളയ കുട്ടി പിതാവിനൊപ്പമായിരുന്നു ഉറങ്ങിയിരുന്നത്. ഉറക്കത്തിനിടയിലായിരുന്നു ഇയാളെ സുമലത വെട്ടിക്കൊലപ്പെടുത്തിയത്.

തലയ്ക്കും കഴുത്തിനും ആഴത്തിൽ വെട്ടേറ്റിരുന്നു.

സുമലത പലപ്പോഴും മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കാറുണ്ടെന്ന് അയൽ വാസികൾ പറയുന്നു. പൊലീസിനോട് ആദ്യഘട്ടത്തിൽ വിവരങ്ങൾ നൽകാൻ മടിച്ചെങ്കിലും പിന്നീട് കുറ്റം സമ്മതിക്കുകയും കൊല്ലാനുപയോഗിച്ച ആയുധം വീടിനു സമീപത്തു നിന്ന് എടുത്തു കൊടുക്കുകയും ചെയ്തു. സെൽവമുത്തുവിന്റെ മൃതദേഹം പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

# മത മേലധ്യക്ഷന്മാർ മതസൗഹാർദ്ദം കാത്തു സൂക്ഷിക്കുന്നവരാകണം: സഖാഫി ശൂറ

കോവളം: മത മേലധ്യക്ഷന്മാർ മതസൗഹാർദം കാത്തു സൂക്ഷിക്കുന്നവരാകണമെന്ന് ജില്ലാ സഖാഫി ശൂറ എക്സിക്യൂട്ടീവ് അഭിപ്രായപ്പെട്ടു. മയക്കുമരുന്ന് പോലുള്ള ദൂഷ്യങ്ങൾ സമൂഹത്തിൽ ദുരിതം വിതയ്ക്കുമ്പോൾ മതപരിവേഷം ചാർത്തി നിസാരവൽക്കരിക്കാനും സാമുദായിക ധ്രുവീകരണം സൃഷ്ടിക്കാനുമാണ് പാലാ ബിഷപ്പിന്റെ നാർക്കോട്ടിക് ജിഹാദ് ആരോപണം ഉപകരിക്കുന്നത്. ഇത്തരം അപക്വവും അപകടകരവുമായ പ്രസ്താവനകൾ സമുദായ നേതാക്കൾക്ക് ചേർന്നതല്ല. സാമൂഹ്യ തിന്മകൾക്കെതിരെ കൈകോർക്കുകയാണ് വേണ്ടതെന്നും യോഗം അഭിപ്രായപ്പെട്ടു.

പ്രസിഡന്റ് നാസർ സഖാഫി വിഴിഞ്ഞം അധ്യക്ഷത വഹിച്ചു. സയ്യിദ് മുഹമ്മദ് സഖാഫി നടയറ ഉദ്ഘാടനം ചെയ്തു. നജീബ് സഖാഫി പൂവച്ചൽ, സൈദലി സഖാഫി ബീമാപള്ളി, ഷാഫി സഖാഫി പൂവാർ, സുലൈമാൻ സഖാഫി വിഴിഞ്ഞം, സ്വാലിഹ് സഖാഫി ബീമാപള്ളി തുടങ്ങിയവർ സംസാരിച്ചു. കൺവീനർ ഷാഹുൽ ഹമീദ് സഖാഫി ബീമാപള്ളി സ്വാഗതവും റാഫി സഖാഫി പെരിങ്ങമ്മല നന്ദിയുംപറഞ്ഞു.

# മഹാമാരിക്കാലത്തെ വിജയത്തിന് തിളക്കമേറെ: മന്ത്രി ജി ആർ അനിൽ

നെടുമങ്ങാട്: മഹാമാരിക്കാലത്തെ പരീക്ഷ വിജയത്തിന് ഏറെ തിളക്കമുണ്ടന്ന് ഭക്ഷ്യവകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ. ഇക്കൊല്ലം വിവിധ പരീക്ഷകളിൽ വിജയം വരിച്ചവരേയും കേരളാ യൂണിവേഴ്സിറ്റി ബിഎ മലയാളം പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ യു എസ് ശരണ്യയേയും അനുമോദിക്കുന്നതിന് സാൽവേഷൻ ആർമി നെടുമങ്ങാട് ഡിവിഷൻ സ്റ്റുഡന്റ്സ് ഫെലോഷിപ്പ് സംഘടിപ്പിച്ച 'ആദരവ് 2021' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസ മേഖലയിൽ സാൽവേഷൻ ആർമിയുടെ ഇടപെടൽ പ്രശംസനീയമാണെന്നും മന്ത്രി പറഞ്ഞു. സെൻട്രൽ ചർച്ചിൽ ഡിവിഷണൽ കമാൻഡർ മേജർ വി കെ ജോസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്റ്റുഡന്റ്സ് ഫെലോഷിപ്പിന്റെ മുൻ സംസ്ഥാന ഡിവിഷണൽ ഭാരവാഹികളും പൊലീസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാനക്കയറ്റം ലഭിച്ചവരുമായ ജെ സി വിനോദ്, അനിൽ തങ്കച്ചൻ എന്നിവരെയും മന്ത്രി ആദരിച്ചു.

അരുവിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ മധു, മഞ്ച വാർഡ് കൗൺസിലർ പ്രിയ പി നായർ, കേരളാ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി എസ് ജയദാസ്, കൊച്ചു മാണിക്യപുരം, മേജർ പ്രേമാ ജോസ്, എഡിസി മേജർ കെരാജൻ, ഡിവിഷണൽ യൂത്ത് സെക്രട്ടറി മേജർ ടി ഇ സ്റ്റീഫൻസൺ, വിജീഷ് കരുപ്പൂർ, അവാർഡ് ജേതാക്കളായ യു എസ് ശരണ്യ, അനഘ എൽ, ജ്യോതിഷ് എസ്, അലീന ഡി എസ് എന്നിവർ സംസാരിച്ചു.

23 ജേതാക്കൾക്ക് മെമന്റോ ക്യാഷ് അവാർഡ്, പുസ്തകങ്ങൾ, ഡിക്ഷണറി എന്നിവ സമ്മാനിച്ചു. സാൽവേഷൻ ആർമി മുഖ്യ കാര്യദർശി ലെഫ്. കേണൽ ഡാനിയേൽ ജെരാജ്, പ്രോഗ്രാം സെക്രട്ടറി ലെഫ്. കേണൽ സജൂ ഡാനിയേൽ, സംസ്ഥാന യൂത്ത് സെക്രട്ടറി ക്യാപ്ടൻ അജേഷ് കുമാർ ജോസഫ്, ഫുഡ് ആന്റ് സിവിൽ സപ്ലൈയ്സ് അഡിഷണൽ സെക്രട്ടറി ജെസ്സി ജോർജ്, മാധ്യമ പ്രവർത്തകരായ ജോർജ് പുളിക്കൻ, ഹരികുറിശ്ശേരി, സംഗീത സംവിധായകൻ ഡോ. ജാസി ഗിഫ്റ്റ്, മിനി സ്ക്രീൻ താരം തങ്കച്ചൻ വിതുര, നർത്തകൻ ഡോ. ആർ എൽ വി രാമകൃഷ്ണൻ, ഗായകരായ ജോസ് സാഗർ, അഖില ആനന്ദ്, വില്യം ഐസക്ക് എന്നിവരുടെ ആശംസാ സന്ദേശങ്ങൾ ചടങ്ങിൽ പ്രദർശിപ്പിച്ചു.

# ഡോ. കെ രാഘവൻപിള്ള സ്മൃതി സദസ്

തിരുവനന്തപുരം: പ്രമുഖ നിരൂപകനും ബഹുഭാഷാ പണ്ഡിതനുമായ ഡോ. കെ രാഘവൻപിള്ളയുടെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി കേന്ദ്ര സാഹിത്യ അക്കാദമി സിമ്പോസിയം സംഘടിപ്പിച്ചു. നിരൂപകൻ ബാലചന്ദ്രൻ വടക്കേടത്ത് ഉദ്ഘാടനം ചെയ്തു. അക്കാദമി ഉപദേശക സമിതി അജയപുരം ജ്യോതിഷ്കുമാർ അധ്യക്ഷനായി. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. വിജയൻപിള്ള, അക്കാദമി ഉപദേശക സമിതി അംഗം ഡോ. കായംകുളം യൂനുസ്, അക്കാദമി റീജിയണൽ സെക്രട്ടറി എസ് പി മഹാലിംഗേശ്വർ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന സ്മൃതി സദസിൽ ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഡോ. സി ആർ പ്രസാദ്, ഡോ. ഉഷാ രാജാവാര്യർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ജനകീയ ഹോട്ടൽ പ്രവർത്തനമാരംഭിച്ചു

ആര്യനാട്: ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തനമാരംഭിച്ചു. പുതുക്കുളങ്ങരയിൽ ആരംഭിച്ച ഹോട്ടലിന്റെ പ്രവർത്തനോദ്ഘാടനം അഡ്വ. ജി സ്റ്റീഫൻ എംഎൽഎ നിർവഹിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ ലളിത അധ്യക്ഷത വഹിക്കുകയും വൈസ് പ്രസിഡന്റ് എസ് ശേഖരൻ സ്വാഗതമാശംസിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് ഇന്ദുലേഖ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എസ് സുനിത, ഐ മിനി, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കണ്ണൻ എസ് ലാൽ, എ റഹീം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയർക്ടർ മറിയം, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ സജീന കാസിം, ഒ എസ് ലത, എൽ മഞ്ചു, എം എ അഖിൽ, കലാമോൾ, ഒസൻ കുഞ്ഞ്, ജയരാജ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി സുനിമോൾ, അസി. സെക്രട്ടറി അശോക് തുടങ്ങിയവർ സംസാരിച്ചു.

# പിഎസ്സിയെ തെറ്റിദ്ധരിപ്പിച്ചവർക്കെതിരെ നിയമനടപടി സ്വീകരിക്കും

തിരുവനന്തപുരം: കോട്ടയം ജില്ലാ പിഎസ്സി ഓഫീസിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് പേര് നീക്കം ചെയ്യുന്നതിന് തെറ്റായ സത്യവാങ്മൂലം വച്ച് അപേക്ഷ സമർപ്പിച്ചയാൾക്കെതിരെയും അതിന് കൂട്ടുനിന്നവർക്കെതിരെയും നിയമനടപടി സ്വീകരിക്കുവാൻ കമ്മിഷൻ തീരുമാനം.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത കൊല്ലം ജില്ലക്കാരിയായ ഉദ്യോഗാർത്ഥിയാണ് സമാനപേരും ഇനീഷ്യലും ജനനതീയതിയും ഉള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റൊരു ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർ നമ്പർ വച്ച് പരിത്യാഗത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഈ അപേക്ഷ ഗസറ്റഡ് ഉദ്യോഗസ്ഥനും നോട്ടറിയും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട് . അപേക്ഷ പരിശോധിച്ച പിഎസ്സി കോട്ടയം ജില്ലാ ഓഫീസ് സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തു.

റാങ്ക്ലിസ്റ്റിൽ നിന്നും പരിത്യാഗം ചെയ്യുന്നതിന് നേരത്തെ ഒരു വെള്ളക്കടലാസിൽ സ്വയം സത്യപ്രസ്താവന തയാറാക്കി ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെകൊണ്ട് സാക്ഷ്യപ്പെടുത്തി അപേക്ഷ സമർപ്പിച്ചാൽ മതിയായിരുന്നു. അവ കൂടുതൽ വിശ്വസനീയമാക്കാൻ വേണ്ടിയാണ് നോട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ കൂടി പുതിയതായി ഏർപ്പെടുത്തിയത്. റാങ്ക് ഹോൾഡേഴ്സ് എന്ന പേരിൽ ചിലരെങ്കിലും ഈ നടപടിക്രമങ്ങളെ ദുരുപയോഗം ചെയ്യുന്നത് അതീവ ഗൗരവമുള്ള വിഷയമാണെന്നും കമ്മിഷൻ വ്യക്തമാക്കി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യഥാർത്ഥ ഉദ്യോഗാർത്ഥിയെ നിയമനശുപാർശ ചെയ്യുവാനും കമ്മിഷൻ യോഗം തീരുമാനിച്ചു.

## കല്ലറ യുഐടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നാളെ

തിരുവനന്തപുരം: കല്ലറ യുഐടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നാളെ വൈകുന്നേരം നാലിന് ഡി കെ മുരളി എംഎഎ നിർവഹിക്കും. കല്ലറ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിട്ടു നൽകിയ 35 സെന്റ് സ്ഥലത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എംഎഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 99 ലക്ഷം രൂപ ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്. കല്ലറ ഗ്രാമ പഞ്ചായത് പ്രസിഡന്റ് ലിസി ജി ജെ അധ്യക്ഷത വഹിക്കും. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി കോമളം, വൈസ് പ്രസിഡന്റ് എസ് എം റാസി, യു ഐ ടി കൺവീനർ ജെ ജയ്രാജ്, വിവിധ ജനപ്രതിനിധികൾ, സിൻഡിക്കേറ്റ് അംഗങ്ങൾ, തുടങ്ങിയവർ പങ്കെടുക്കും.

# കാവിഡ് ആർആർടി വോളന്റിയർമാർക്ക് 'ജനമിത്ര' പുരസ്കാരം

വർക്കല: കോവിഡ് ആർ ആർടി വോളണ്ടിയർമാർക്ക് മലയാള സാംസ്കാരിക വേദി 'ജനമിത്ര'പുരസ്കാരം നൽകി ആദരിക്കും. കഠിനംകുളം പഞ്ചായത്തിൽ ചേരമാൻതുരുത്തിലെ ആർആർടി വോളന്റിയർമാരായ ഫൈസൽ ഇടവ, റഫീഖ്, അമീൻ, ഖലീഫ എന്നിവർക്കാണ് പുരസ്കാരം.

കോവിഡ് ബാധിച്ച് മരിച്ച ഇരുപത്തിയഞ്ചോളംപേരുടെ മൃതശരീരങ്ങളാണ് നാൽവർസംഘം സംസ്കരിച്ചത്. പിപിഇ കിറ്റുകൾ ഉൾപ്പെടെയുള്ള സാമഗ്രികളും യാത്രാ ചെലവുകളും സ്വന്തം കൈയിൽ നിന്നും ചെലവിട്ടുകൊണ്ട് നടത്തിയ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് ഇവരെ പുരസ്കാരത്തിനർഹരാക്കിയത്.

ഐഎംഎ നിയുക്ത സംസ്ഥാന പ്രസിഡന്റ് ഡോ. സുൽഫി നൂഹു, ആദിരശങ്കര ചാരിറ്റബിൾ ട്രസ്റ്റ് ജില്ലാ പ്രസിഡന്റ് ഡോ. പ്രേമകുമാർ, അനെർട്ട് മുൻ ഡയറക്ടർ ഡോ. എം ജയരാജു എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാര നിർണയം നടത്തിയത്. ഫലകവും കീർത്തിപത്രവും അടങ്ങുന്ന പുരസ്കാരം 16ന് സമ്മാനിക്കും. 16ന് വൈകുന്നേരം വർക്കലയിൽ സംഘടിപ്പിക്കുന്ന കാക്കനാടൻ പുരസ്കാര സമർപ്പണ ചടങ്ങിൽ മന്ത്രി ജെ ചിഞ്ചുറാണി പുരസ്കാരം സമ്മാനിക്കുമെന്ന് സാംസ്കാരികവേദി ചെയർമാൻ അൻസാർ വർണന, ജനറൽ സെക്രട്ടറി ബിജു ഗോപാലൻ എന്നിവർ അറിയിച്ചു.

# തീറ്റപ്പുൽ പൂപ്പൽരോഗത്തിന് കുളമ്പ് രോഗമെന്ന് തെറ്റിദ്ധരിച്ചു

വെള്ളറട: തീറ്റപ്പുൽ പൂപ്പൽരോഗത്തിന് കുളമ്പ് രോഗമെന്ന് തെറ്റിദ്ധരിച്ചു, പരിശോധനയിൽ കുളമ്പ് രോഗമല്ലന്ന് കണ്ടത്തി. മുള്ളിലവ് വിള ഡൊമനിക്കിന്റ പശുക്കൾക്കാണ് തീറ്റപ്പുൽ പൂപ്പൽരോഗം ബാധിച്ചത്. പശുക്കൾക്ക് കുളമ്പ്രോഗമെന്ന ഭീതിയിലായതോടെ മൃഗസംരക്ഷണവകുപ്പിന്റ സജീവ ഇടപടലാണ് രോഗഭീതിക്ക് ശമനമുണ്ടാക്കിയത്. ഭക്ഷണം കഴിക്കാൻ മടിയും ബലക്കുറവുമായിരുന്നു ലക്ഷണം. ഡൊമനിക്കിന്റ പശുക്കൾക്ക് കുളമ്പ് രോഗമാണന്ന് കരുതി മൃഗസംരക്ഷണ വകുപ്പ് പരിസരത്തെ പശുക്കൾക്കെല്ലാം പ്രതിരോധ കുത്തിവയ്പ് ആരംഭിച്ചു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബീനാ ബീബീയും ഡോ ദിവ്യയും സ്ഥലത്തെത്തി നടത്തിയ പരിശോധനയിലും, രക്തസാമ്പിൾ ശേഖരിച്ച് നടത്തിയ പരിശോധനയിലും കുളമ്പ് രോഗമല്ലെന്ന് കണ്ടത്തി. തീററപ്പുൽ പൂപ്പൽരോഗമാണന്ന് പശുവിനെ ബാധിച്ചതെന്ന് സ്ഥിരീകരിച്ചു. കുളമ്പ് രോഗമാണന്ന ഭീതിയിൽ നിന്നും മൃഗസംരക്ഷണ വകുപ്പിന്റ അവസരോചിത ഇടപെടൽ കൊണ്ട് ഭയപ്പാട് മാറ്റാൻ പ്രദേശത്തെ ക്ഷിര കർഷകർക്ക് കഴിഞ്ഞു. പശുക്കൾക്ക് തീറ്റപ്പുൽ പൂപ്പൽരോഗം മാറാനുള്ള ചികിത്സയും ആരംഭിച്ചു.

## ഒബിസി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ ഒബിസി സമുദായങ്ങളിൽപ്പെട്ട സിഎ, സിഎംഎ, സിഎസ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കവിയരുത്. ംംം.ലഴൃമിേ.സലൃമഹമ.ഴീ.ശി എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ്, എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അവസാന തീയതി ഈ മാസം 30.

# കിളിമാനൂരിൽ സമ്പൂർണ താലോലം പദ്ധതി പ്രഖ്യാപനമായി

കിളിമാനൂർ: പ്രീപ്രൈമറി വിദ്യാഭ്യാസം നവീകരിക്കുന്നതിന് വേണ്ടി സമഗ്ര ശിക്ഷാ കേരളം നടപ്പാക്കുന്ന താലോലം പദ്ധതിയുടെ കിളിമാനൂർ ഉപജില്ലാതല സമ്പൂർണ പ്രഖ്യാപനം ആറ്റിങ്ങൽ എംഎൽഎ ഒ എസ് അംബിക മേവർക്കൽ എൽപിഎസിൽ നിർവഹിച്ചു. കിളിമാനൂർ ബിആർസിയുടെ പരിധിയിലുള്ള 30 സ്കൂളുകളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്.എല്ലാ വിഭാഗം കുട്ടികളുടേയും സമഗ്ര വികസനത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് ഒ എസ് അംബിക എംഎൽഎ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രീപ്രൈമറി ക്ലാസ് മുറികൾ കൂടുതൽ ശിശു സൗഹൃദമാക്കുക, അവരുടെ ശാസ്ത്ര കലാ അഭിരുചികളെ പ്രചോദിപ്പിക്കുക, അതിനായി ക്ലാസ് മുറികളിൽത്തന്നെ സവിശേഷ പഠനമൂലകൾ ഒരുക്കുക തുടങ്ങിയ വികസനങ്ങളാണ് താലോലം പദ്ധതിയിലൂടെ നടപ്പാക്കിയിട്ടുള്ളത്.ഗവ. എൽപിഎസ് മേവർക്കൽ സ്കൂളിൽ നിന്നും എൽഎസ്എസ് നേടിയ എട്ടു വിദ്യാർത്ഥികളേയും ചടങ്ങിൽ അനുമോദിച്ചു. കരവാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിബുലാൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കരവാരം പഞ്ചായത്ത് പതിനഞ്ചാം വാർഡ് മെമ്പർ എം കെ ജ്യോതി, കിളിമാനൂർ എഇഒ വി എസ് പ്രദീപ്, മേവർക്കൽ എൽപിഎസ് എച്ച് എം ഇൻ ചാർജ് നൂതൻ ടീച്ചർ, മേവർക്കൽ എൽപിഎസ് എസ്എംസി കൺവീനർ സുരേഷ് ബാബു, ബിആർസി ട്രെയിനർ വിനോദ് ടി, സിആർസി കോ ഓർഡിനേറ്റർ ഷീബ തുടങ്ങിയവർ പങ്കെടുത്തു.

# സൗദിക്ക് തിരിച്ചടി, അമേരിക്ക സൈനിക പിന്തുണ പിൻവലിക്കുന്നു

റിയാദ്: അഫ്ഗാനിസ്ഥാനിൽ നിന്നുള്ള സൈനീക പിന്മാറ്റം പൂർത്തിയാക്കിയതിന് പിന്നാലെ സൗദിയിൽ നിന്നും അമേരിക്ക പടക്കോപ്പുകൾ പിൻവലിക്കുന്നതായി റിപ്പോർട്ട്. സൗദിയിൽ യമനിലെ ഹൂതി വിമതരുടെ ആക്രമണം തുടരുന്നതിനിടെയാണ് ചില സൈനികപ്രതിരോധ സംവിധാനങ്ങൾ അമേരിക്ക പിൻവലിച്ചിരിക്കുന്നത്.

അത്യാധുനിക മിസൈൽ പ്രതിരോധ സംവിധാനമായ താഡ്, പാട്രിയറ്റ് ബാറ്ററികൾ എന്നിവ സൗദി അറേബ്യയിൽ നിന്ന് അമേരിക്ക എടുത്തുമാറ്റി എന്നാണ് എപി റിപ്പോർട്ട്. റിയാദിലെ പ്രിൻസ് സുൽത്താൻ വ്യോമതാവളത്തിന് പുറത്തുള്ള പ്രതിരോധ സംവിധാനമാണ് അമേരിക്ക എടുത്തു മാറ്റിയത്. അഫ്ഗാനിസ്ഥാനിൽ നിന്ന് അമേരിക്ക പിൻമാറുകയും പശ്ചിമേഷ്യയെ അമേരിക്ക വൈകാതെ കയ്യൊഴിയുമെന്ന വാർത്തകൾ അടുത്തിടെ പുറത്തുവന്നിരുന്നു. സൗദിക്കെതിരെ യമനിലെ ഹൂത്തികൾ തുടർച്ചയായി ആക്രമണം നടത്തുന്നുണ്ട്. മിസൈൽ ഉപയോഗിച്ചും ഡ്രോണുകൾ ഉപയോഗിച്ചുമാണ് ആക്രമണം. ആക്രമണത്തെ എതിർത്തുനിന്നത് അമേരിക്കൻ പ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ചാണ്. ഇറാന്റെ പിന്തുണയോടെയാണ് ഹൂത്തികൾ സൗദിക്കെതിരെ ആക്രമണം നടത്തുന്നത് എന്നാണ് വാർത്തകൾ.

സൗദിരാജ്യങ്ങളിൽ ആയിരക്കണക്കിന് അമേരിക്കൻ സൈനികരാണ് ക്യാമ്പ് ചെയ്യുന്നത്. ഇറാന്റെ ഭീഷണി ചെറുക്കാനെന്ന പേരിലാണ് സൈന്യത്തെ അമേരിക്ക പശ്ചിമേഷ്യൻ രാജ്യങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. എന്നാൽ ജോ ബൈഡൻ അധികാരത്തിലെത്തിയ ശേഷം അമേരിക്കൻ ഭരണകൂടം സ്വീകരിക്കുന്ന നയങ്ങളിൽ സൗദി ഉൾപ്പെടെയുള്ള രാജ്യങ്ങൾ ആശങ്കയിലാണ്.

സൗദി ചൈനയുമായി കൂടുതൽ അടുക്കുന്നു എന്ന തോന്നൽ അമേരിക്കക്കുണ്ട്. അതുകൊണ്ടുതന്നെ അമേരിക്ക പ്രതിരോധ സംവിധാനങ്ങൾ സൗദിയിൽ നിന്ന് നീക്കുമെന്ന് വാർത്തകളും വന്നിരുന്നു.

## വെബ് ഭാഷണ പരമ്പര

തിരുവനന്തപുരം: കേരളസർവകലാശാല മലയാള വിഭാഗം സംഘടിപ്പിക്കുന്ന വെബ്ഭാഷണ പരമ്പര പ്രമുഖ സാഹിത്യ ചിന്തകനും സൈദ്ധാന്തികനായ ഡോ. സി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വെബ്ഭാഷണ പരമ്പരയിലെ ആദ്യ പ്രഭാഷണം 'വക്രോക്തി: കുന്തകൻ' എന്ന വിഷയത്തെ മുൻനിർത്തി അദ്ദേഹം നിർവഹിച്ചു. സാഹിത്യത്തിൽ സിദ്ധാന്തങ്ങൾക്കുള്ള പ്രാധാന്യത്തെപ്പറ്റി അദ്ദേഹം സംസാരിച്ചു. മലയാളവിഭാഗം അധ്യക്ഷ ഡോ. എസ് ഷിഫ സ്വാഗതവും സെമിനാർ കോഓർഡിനേറ്റർ ഡോ. കെ കെ ശിവദാസ് നന്ദിയും പറഞ്ഞു. തുടർന്നുള്ള ദിവസങ്ങളിൽ ഡോ. ജാനകി ശ്രീധരൻ, ഡോ. പി എം ഗിരീഷ്, ഡോ. ടി ജെ എബ്രഹാം, ഡോ. പി കൃഷ്ണനുണ്ണി, ഡോ. പി എസ് രാധാകൃഷ്ണൻ, ഡോ. സി ജെ ജോർജ്ജ്, ഡോ. കെ എം അനിൽ, ഡോ. തോമസ് സ്കറിയ എന്നിവർ വിവിധ വിഷയങ്ങളെ മുൻനിർത്തി സംസാരിക്കും.



മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ ആയിരം റോഡുകളുടെ ഉദ്ഘാടനം മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കുന്നു



കേരള ടൂറിസം വകുപ്പ് തയാറാക്കിയ മൊബൈൽ ആപ്പിന്റെ ലോഞ്ചിംഗ് ചലച്ചിത്രതാരം മോഹൻലാൽ, മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ സാന്നിധ്യത്തിൽ നിർവ്വഹിക്കുന്നു.

# സുവിശേഷത്തിലധിഷ്ഠിതമായി സഭ സഞ്ചരിക്കണം: മാർപാപ്പ

ബ്രാറ്റിസ്ലാവ: സുവിശേഷ സ്വാതന്ത്ര്യവും വിശ്വാസ സർഗാത്മകതയും ഐക്യം പ്രോത്സാഹിപ്പിക്കുന്ന സംഭാഷണങ്ങളുമുള്ള എളിയ സഭയ്ക്കായി സ്ലൊവാക്യയിലെ മെത്രാന്മാരും വൈദികരും വിശ്വാസികളും പ്രയത്നിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ.

സ്ലൊവാക്യയിലെ അപ്പസ്തോലിക സന്ദർശനത്തിൻറെ രണ്ടാം ദിവസമായ ഇന്നലെ രാവിലെ സെൻറ് മാർട്ടിൻസ് കത്തീഡ്രലിൽ മെത്രാന്മാരും വൈദികരും മതബോധനാധ്യാപകരും വിശ്വാസികളുമായി സംവദിക്കുകയായിരുന്നു മാർപാപ്പ.

ഊഷ്മള സ്വീകരണത്തിന് നന്ദി അറിയിച്ച മാർപാപ്പ, തന്നെ ഒരു സഹോദരനെപ്പോലെ കണ്ടാൽ മതിയെന്നു വ്യക്തമാക്കി. ഈ സഭയെയും ഈ രാജ്യത്തെയും കുറിച്ചുള്ള നിങ്ങളുടെ അനുഭവങ്ങളും ചോദ്യങ്ങളും അഭിലാഷങ്ങളും പ്രതീക്ഷകളും അറിയാനാണു ഞാൻ വന്നിരിക്കുന്നത്. അടിയുറച്ച പ്രാർഥനയിലും ഐക്യത്തിലും മുന്നേറുന്ന ആദ്യ ക്രൈസ്തവ സമൂഹമാണിത് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

സുവിശേഷത്തിലധിഷ്ഠിതമായി സഞ്ചരിക്കുന്ന സഭയാണ് ആവശ്യം. അത് ഒരു കോട്ടയായിരിക്കരുത്, താഴെയുള്ള ലോകത്തെ സഹായിക്കുന്ന സ്വയം പര്യാപ്തമായ ഒരു മഹനീയ സൗധമായിരിക്കണമെന്നും മാർപാപ്പ വ്യക്തമാക്കി. സഭയിലും സമൂഹത്തിലും സ്വാതന്ത്ര്യം ആവശ്യമാണെന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

സ്ലൊവാക്യൻ ഭരണാധികാരികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ, സമൂഹരാഷ്ട്രീയ സ്വാതന്ത്ര്യത്തിൻറെ ആവശ്യകതയെക്കുറിച്ച് മാർപാപ്പ സംസാരിച്ചു. ഒരു രാഷ്ട്രീയ ചിന്തയുടെ മാത്രം സ്വാധീനം ഒരു രാജ്യത്തിനും നല്ലതല്ലെന്ന് സ്ലൊവാക്യയുടെ കമ്യൂണിസ്റ്റ് ഭരണകാലത്തെ സൂചിപ്പിച്ച് അദ്ദേഹം പറഞ്ഞു.

കൊളോണിയൽ ചിന്താധാരകൾ സ്ലൊവാക്യൻ സമൂഹത്തെ സാധ്വീനിക്കുന്നുണ്ടെന്നു കുടുംബം, ഭ്രൂണഹത്യ, ദയാവധം എന്നിവയെക്കുറിച്ച് പരാമർശിക്കവേ മാർപാപ്പ പറഞ്ഞു.

# ഹരിതയ്ക്ക് പുതിയ സംസ്ഥാന കമ്മിറ്റി

കോഴിക്കോട്: പാർട്ടിയിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും ഉയർന്ന ശക്തമായ പ്രതിഷേധങ്ങളെ അവഗണിച്ച് സ്ത്രീവിരുദ്ധ നിലപാടിൽ ഉറച്ച് മുസ്ലീം ലീഗ്. എംഎസ്എഫ് നേതാക്കൾക്കെതിരെ ലൈംഗിക അധിക്ഷേപ പരാതി നൽകിയവരെ ഒഴിവാക്കി എംഎസ്എഫിന്റെ വനിതാ വിഭാഗം ഹരിതയ്ക്ക് പുതിയ സംസ്ഥാന കമ്മിറ്റിയെ മുസ്ലീം ലീഗ് സംസ്ഥാന നേതൃത്വം പ്രഖ്യാപിച്ചു.

പുതിയ പ്രസിഡന്റായി മലപ്പുറത്തു നിന്നുള്ള ആയിഷ ബാനു പി എച്ചിനെയും ജനറൽ സെക്രട്ടറിയായി കണ്ണൂരിൽ നിന്നുള്ള റുമൈസ റഫീഖിനെയുമാണ് പ്രഖ്യാപിച്ചത്. നജ്വ ഹനീന (മലപ്പുറം), ഷാഹിദ റാഷിദ് (കാസർക്കോട്), അയ്ഷ മറിയം (പാലക്കാട്) എന്നിവരാണ് വൈസ് പ്രസിഡന്റുമാർ. അഫ്ഷില (കോഴിക്കോട്), ഫായിസ എസ് (തിരുവനന്തപുരം), അഖീല ഫർസാന (എറണാകുളം) എന്നിവരാണ് പുതിയ സെക്രട്ടറിമാർ. മലപ്പുറത്തു നിന്നുള്ള നയന സുരേഷാണ് ട്രഷറർ.

വിവിധ ജില്ലാ മുസ്ലീം ലീഗ് കമ്മിറ്റികളുമായി കൂടിയാലോചന നടത്തിയാണ് പുതിയ ഭാരവാഹികളെ ഉൾപ്പെടുത്തി ഹരിത സംസ്ഥാന കമ്മിറ്റി പുന: സംഘടിപ്പിച്ചതെന്ന് മുസ്ലീം ലീഗ് സംസ്ഥാന കമ്മിറ്റി അറിയിച്ചു. എംഎസ്എഫിന് ഹരിത വിഭാഗമേ വേണ്ടതില്ലെന്നായിരുന്നു പാർട്ടി നേതൃത്വത്തിന്റെ നിലപാട്. എന്നാൽ അത് പൊതു സമൂഹത്തിൽ പാർട്ടിക്ക് വലിയ മാനക്കേടുണ്ടാക്കുമെന്നും കൂടുതൽ പ്രതിഷേധങ്ങൾക്ക് കാരണമാകുമെന്നുമുള്ള വിലയിരുത്തലിലാണ് നേതൃത്വത്തെ വിമർശിക്കാൻ ധൈര്യപ്പെടാത്തവരെ ഭാരവാഹികളാക്കിക്കൊണ്ട് കമ്മിറ്റിയെ പുനസംഘടിപ്പിക്കാൻ തീരുമാനിച്ചത്.

നിലവിലെ ഹരിത നേതൃത്വവുമായി സഹകരിച്ച് നിന്നവരെ പ്രധാന പദവികളിലേക്ക് പരിഗണിക്കേണ്ടതില്ലെന്ന് മുസ്ലീം ലീഗ് നേതൃത്വം നേരത്തെ തന്നെ തീരുമാനമെടുത്തിരുന്നു. ഹരിത വിഷയത്തിലുള്ള നടപടി പുനപരിശോധിക്കണമെന്നാവശ്യപ്പെട്ട് പാർട്ടിയിലെ ഒരു വിഭാഗവും എം എസ് എഫിലെ ഒരു വിഭാഗവും രംഗത്തെത്തുകയും ദേശീയ നേതൃത്വത്തിന് ഉൾപ്പെടെ കത്തയയ്ക്കുകയും ചെയ്തിരുന്നുവെങ്കിലും അതൊന്നും പരിഗണിക്കാതെയാണ് പാർട്ടി നടപടി.

സ്ത്രീത്വത്തെ അപമാനിച്ചതിനെതിരെ പാർട്ടി നേതൃത്വത്തിന് പരാതി നൽകിയെങ്കിലും നടപടിയില്ലാതെ വന്നതോടെയായിരുന്നു ഹരിത നേതാക്കൾ വനിതാ കമ്മീഷനെ സമീപിച്ചത്. ഈ പരാതി പിന്നീട് പൊലീസിന് കൈമാറുകയും നിയമനടപടികളിലേക്ക് കടക്കുകയുമായിരുന്നു. നേതൃത്വത്തിന് വഴങ്ങാതിരുന്ന ഹരിത കമ്മിറ്റിയെ ആദ്യഘട്ടത്തിൽ മരവിപ്പിക്കുകയും പിന്നീട് പിരിച്ചുവിടുകയുമായിരുന്നു മുസ്ലീം ലീഗ് നേതൃത്വം ചെയ്തത്. തുടർന്നാണ് പുതിയ സംസ്ഥാന കമ്മിറ്റിയെ പ്രഖ്യാപിച്ച് പാർട്ടി രംഗത്തെത്തിയത്.

# നവരാത്രി ആഘോഷം ആലോചന യോഗം ചേർന്നു

തിരുവനന്തപുരം: നവരാതി ആഘോഷത്തോടനുബന്ധിച്ച് നവരാതി വിഗഹങ്ങൾ നഗരത്തിൽ എത്തുന്നതുമായി ബന്ധപ്പെട്ട് ഒരുക്കങ്ങൾ ആലോചിക്കുന്നതിന് മേയർ ആര്യാ രാജേന്ദ്രന്റെ അധ്യക്ഷതയിൽ നഗരസഭയിൽ യോഗം ചേർന്നു. നവരാതി വിഗ്രഹങ്ങൾ നഗരസഭാ പരിധിയിൽ പ്രവേശിക്കുന്ന നേമം മുതലുള്ള മുഴുവൻ വീഥികളും പ്രത്യേകം ശുചീകരിക്കുവാനും, ആഘോഷത്തോട് അനുബന്ധിച്ചുള്ള ക്ഷേത്രങ്ങളുടെ ചുറ്റുപാടുകൾ നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരിക്കുവാനും തീരുമാനിച്ചു. ആഘോഷ ദിവസങ്ങളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി. വൈദ്യുത വിതരണം തടസം കൂടാതെ ഉണ്ടാകുന്നതിനും തെരുവ് വിളക്കുകൾ പൂർണ്ണമായും കത്തിക്കുന്നതിനും കെഎസ്ഇബിയെ ചുമതലപ്പെടുത്തി. നവരാതി വിഗ്രഹത്തോടൊപ്പം സഞ്ചരിക്കുന്നവർക്ക് വിശ്രമിക്കുന്നതിന് നേമത്തെ നഗരസഭാ വക കല്യാണ മണ്ഡപം സജ്ജമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേയറെ കൂടാതെ ചാല വാർഡ് കൗൺസിലർ, നഗരസഭാ സെക്രട്ടറി, ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർമാർ, വാട്ടർ അതോറിറ്റി, കെഎസ്ഇബി ഉദ്യോഗസ്ഥർ, വിവിധ ആഘോഷ കമ്മിറ്റി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

# സൈക്കോവ് ഡി അടുത്ത മാസം വിപണിയിലെത്തും

ന്യൂഡൽഹി: സിഡസ് കാഡില വികസിപ്പിച്ച സൂചിയില്ലാതെ കുത്തിവയ്ക്കുന്ന കോവിഡ് വാക്സിനായ സൈക്കോവ് ഡി

ഒക്ടോബറിൽ ഇന്ത്യയിൽ പുറത്തിറങ്ങിയേക്കും. ഒക്ടോബർ ആദ്യവാരത്തിൽ തന്നെ വാക്സിൻ വിപണിയിലെത്തുമെന്നാണ് സൂചന. ഓഗസ്റ്റ് ഇരുപതിനാണ് വാക്സിന് അടിയന്തര ഉപയോഗത്തിന് അനുമതി ലഭിച്ചത്.

ലോകത്തെ ആദ്യത്തെ പ്ലാസ്മിഡ് ഡിഎഎ വാക്സിനാണ് സൈക്കോവ് ഡി. മൂന്ന് ഡോസുകളായാണ് ഈ വാക്സിൻ കുത്തിവെക്കുക. ആദ്യത്തെ ഡോസ് എടുത്ത് 28ാം ദിവസം രണ്ടാം ഡോസും 56ാം ദിവസം മൂന്നാം ഡോസും എടുക്കണം. 12 നും 18നും ഇടയിലുള്ള കൗമാരപ്രായക്കാർക്ക് ഈ വാക്സിൻ വിതരണം ചെയ്യാൻ അനുമതി ലഭിച്ചിട്ടുണ്ട്.

ഒക്ടോബറിൽ മാസം ഒരു കോടി വാക്സിനും തുടർന്ന് ജനുവരി വരെ നാല് മുതൽ അഞ്ച് കോടി വരെ വാക്സിനും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സിഡസ് കാഡില ഡയറക്ടർ ഡോ. ഷാർവിൽ പട്ടേൽ അറിയിച്ചു.

അതേസമയം രണ്ട് ഘട്ടങ്ങളിലായി കുത്തിവയ്ക്കുന്ന മറ്റൊരു വാക്സിന്റെ അടിയന്തര ഉപയോഗത്തിന് സൈഡസ് കാഡില ഡ്രഗ്സ് കൺട്രോളറിന്റെ അനുമതി തേടിയിട്ടുണ്ട്. രണ്ട് എംജി വീതം കുത്തിവയ്ക്കുന്ന വാക്സിനാണ് അനുമതി തേടിയിരിക്കുന്നത്. ഇതിന്റെ പരീക്ഷണങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. മൂന്ന് ഘട്ടങ്ങളിലായി ആറ് എംജിയാണ് സൈക്കോവ് ഡിയുടെ ഡോസ്.

## അളവ് തൂക്ക ഉപകരണങ്ങളുടെ മുദ്രവയ്പ്പ്

നെയ്യാറ്റിൻകര: മുടങ്ങിപ്പോയ അളവ് തൂക്ക ഉപകരണങ്ങളുടേയും ഓട്ടോറിക്ഷാ മീറ്ററുകളടേയും പുനഃപരിശോധന പിഴ പൂർണമായി ഒഴിവാക്കി ഈ മാസം 28 വരെ പരിശോധന നടത്തുമെന്ന് നെയ്യാറ്റിൻകര ലീഗൽ മെട്രോളജി ഇൻസ്പെക്ടർ അറിയിച്ചു. കൊല്ലയിൽ, പാറശാല, കാരോട്, കുളത്തൂർ, പൂവാർ, പെരുങ്കടവിള, വെള്ളറട, കുന്നത്തുകാൽ, ചെങ്കൽ എന്നീ പഞ്ചായത്തുകളിലേയും നെയ്യാറ്റിൻകരനഗരസഭയിലേയും വ്യാപാരികൾ 8281698017 എന്ന മെബൈൽ നമ്പരിലും പള്ളിച്ചൽ, ബാലരാമപുരം, വിഴിഞ്ഞം, കോട്ടുകാൽ, കരുംകുളം, തിരുപുറം, അതിയന്നൂർ, കാഞ്ഞിരംകുളം എന്നീ പഞ്ചായത്തുകളിലെ വ്യാപാരികളും ഓട്ടോറിക്ഷാ ഉടമസ്ഥരും 8281698018 എന്ന മൊബൈൽ നമ്പരിലും നെയ്യാറ്റിൻകര ലീഗൽ ഇൻസ്പെക്ടറുമായി ബന്ധപ്പെട്ട് മുൻകൂർ അനുമതി വാങ്ങി ഈ മാസം 28ന് മുമ്പായി മുദ്ര പതിപ്പിക്കേണ്ടതാണെന്ന് ഇൻസ്പെക്ടർ അറിയിച്ചു.

# യുഎഇയിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചാൽ രക്ഷിതാക്കൾക്ക് ജയിൽവാസം

അബുദാബി: കുട്ടികൾക്ക് തക്കതായ പ്രായത്തിൽ വിദ്യാഭ്യാസം നിഷേധിക്കുകയോ സ്കൂളിൽ ചേർക്കാതിരിക്കുകയോ ചെയ്യുന്ന രക്ഷിതാക്കൾക്ക് ജയിൽവാസം വിധിക്കുമെന്ന് യുഎഇ. തടവ് ശിക്ഷയല്ലെങ്കിൽ ചുരുങ്ങിയത് 5,000 ദിർഹം പിഴയോ ലഭിക്കുമെന്നാണ് യുഎഇ പബ്ലിക് പ്രോസിക്യൂഷൻ വിശദമാക്കിയത്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതിൽനിന്നും കുട്ടികളെ തടയാൻ ആർക്കും അവകാശമില്ല എന്നും പബ്ലിക് പ്രോസിക്യൂഷൻ അറിയിച്ചു.

2016ലെ ഫെഡറൽ നിയമം 3ലെ ആർട്ടിക്കിൾ 31,35,60 എന്നിവ പ്രകാരം 18 വയസ് വരെയോ പന്ത്രണ്ടാം ക്ലാസ് കഴിയുന്നതുവരെയോ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്നാണ് യുഎഇലെ നിയമം. കുട്ടികളുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നുണ്ട്. 18 വയസിന് താഴെ പ്രായമുള്ളവർക്കെതിരെ നടക്കുന്ന ശാരീരികമാനസിക പീഡനങ്ങൾക്കെതിരെയുള്ള നടപടികളെക്കുറിച്ചും നിയമത്തിൽ വിശദീകരിക്കുന്നുണ്ട്. വാക്കുകൾകൊണ്ടുള്ള അധിക്ഷേപങ്ങളിൽ നിന്നടക്കം കുട്ടികൾക്ക് സംരക്ഷണം നൽകും വിധമാണ് നിയമത്തിലെ വ്യവസ്ഥകൾ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നും വിദ്യാഭ്യാസം നിഷേധിക്കുന്നവർക്ക് പിഴയോ തടവു ശിക്ഷയോ നൽകണമെന്നും ഈ നിയമം അനുശാസിക്കുന്നുണ്ട്.

കുട്ടിയെ ഉപേക്ഷിക്കുക, താമസ സൗകര്യം ഒരുക്കാതിരിക്കുക, സംരക്ഷണം നൽകാതിരിക്കുക, നിശ്ചിത പ്രായത്തിൽ അകാരണമായി വിദ്യാഭ്യാസം നിഷേധിക്കുക തുടങ്ങിയവയ്ക്കെല്ലാം രക്ഷിതാവിനായിരിക്കും കുറ്റം. ഇത്തരം കുറ്റങ്ങൾക്കും തടവു ശിക്ഷയോ ചുരുങ്ങിയത് 5,000 ദിർഹമോ പിഴയായി ലഭിക്കും.

# പ്രലോഭനങ്ങൾ മറികടക്കുന്നതാകണം സാഹിത്യം: ടി ഡി രാമകൃഷ്ണൻ

തിരുവനന്തപുരം: എല്ലാവിധ പ്രലോഭനങ്ങളേയും മറികടക്കുന്നതാകണം സാഹിത്യമെന്ന് പ്രശസ്ത നോവലിസ്റ്റ് ടി ഡി രാമകൃഷ്ണൻ പറഞ്ഞു.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ക്ലബ്ബ് ഹൗസിൽ സംഘടിപ്പിച്ച വി ഷിനിലാലിന്റെ സമ്പർക്കക്രാന്തി നോവൽ ചർച്ച ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വായനക്കാരെ സാഹിത്യ വായനയിൽ നിന്ന് അകറ്റുന്ന ഭീതിദായകമായ പ്രലോഭനങ്ങളുടെ നടുവിലാണ് നമ്മൾ. ഷിനിലാലിനെപ്പോലുള്ള എഴുത്തുകാരുടെ സർഗശേഷി ഒന്നു കൊണ്ടു മാത്രമാണ് വായനക്കാർ അദ്ദേഹത്തെ സ്വീകരിക്കുന്നത്.

റെയിൽ ജീവിതത്തിൽ തുടർന്നെങ്കിൽ സമ്പർക്കക്രാന്തി പോലെയുള്ള നോവൽ ഞാനും രചിക്കുമായിരുന്നുവെന്ന് ടി ഡി കൂട്ടിച്ചേർത്തു.

സമകാലിക ഇന്ത്യ നേരിടുന്ന യാഥാർഥ്യങ്ങളെ മുൻകൂട്ടി കണ്ട് നിരവധി രൂപകങ്ങളിലൂടെ അതീവ പ്രതീകാത്മകമായി നോവൽ രചിച്ച എഴുത്തുകാരനാണ് ഷിനിലാലെന്ന് ഷീല ടോമി പറഞ്ഞു. ക്രാഫ്റ്റിന്റെ വിവിധ തലങ്ങൾ ദർശിക്കാവുന്ന നോവലാണിതെന്ന് ശ്യാം ശ്രീനിവാസ് അഭിപ്രായപ്പെട്ടു. വി ഷിനിലാൽ മറുപടി പറഞ്ഞു.

വിനോദ് കൃഷ്ണ, എൻ ഇ സുധീർ, പ്രശാന്ത്, അജിത്ത്, മോഹൻ, ഹക്കീം, ഗിരീഷ് കുമാർ, ദിവ്യ ജാഹ്നവി, എ ബിജു, സ്റ്റേറ്റ് ലൈബ്രേറിയൻ പി കെ ശോഭന, ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ പി യു അശോകൻ എന്നിവർ സംസാരിച്ചു.

# വികാസ് ഭവൻ സബ് ട്രഷറി പുതിയ കെട്ടിടം ഉദ്ഘാടനം 15ന്

തിരുവനന്തപുരം: ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച വികാസ് ഭവൻ സബ് ട്രഷറിയുടെ പുതിയ കെട്ടിടം നാളെ വൈകിട്ട് മൂന്നിന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കും. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കും. മേയർ ആര്യാ രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. കൗൺസലർ മേരിപുഷ്പം, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡയറക്ടർ എസ് ഹരികിഷോർ, ട്രഷറി ഡയറക്ടർ എ എം ജാഫർ, ജില്ലാ ട്രഷറി ഓഫീസർ എ ഷാനവാസ് എന്നിവർ സംസാരിക്കും.

## ടോൾ സമരവേദിയൽ വി എസ് സുനിൽകുമാർ എത്തി

തിരുവനന്തപുരം: തിരുവല്ലത്ത് സിപിഐ നടത്തി വരുന്ന ടോൾ സമരത്തിൽ പങ്കാളിയാക്കുവാനും രാഷ്ട്രീയ ഭേദമന്യേ സമരക്കാരെ കാണുവാനും മുൻ കൃഷി മന്ത്രി വി എസ് സുനിൽ കുമാർ എത്തി. എഐടിയുസി നേമം മണ്ഡലം കമ്മിറ്റിയാണ് ഇന്നലെ തുടർ സമരത്തിൽ പങ്കെടുത്തത്. സമരം എഐടിയുസി വർക്കിങ് കമ്മിറ്റി അംഗം കെ എസ് മധുസൂദനൻ നായർ ഉദ്ഘാടനം ചെയ്തു. സിപിഐ തൃശൂർ ജില്ലാ സെക്രട്ടറി വൽസരാജ്, ടി ആർ രമേഷ് കുമാർ, കാലടി ജയചന്ദ്രൻ, വി എസ് സുലോചനൻ, പാപ്പനംകോട് അജയൻ, തിരുവല്ലം പ്രദീപ്, പുഷ്പവല്ലി ടീച്ചർ, ജ്യോതിഷ് കുമാർ, പനത്തുറ ബൈജു, ഗോപാലൻ നായർ എന്നിവർ സംസാരിച്ചു.

# അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു

വെള്ളറട: അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സി കെ ഹരീന്ദ്രൻ എംഎൽഎ ഇന്നലെ സ്ഥലത്തെത്തി നിർമ്മാണ പുരോഗതി വിലയിരുത്തി. കിഫ്ബിയുടെ ധനസഹായത്തോടെ 18 കോടിരൂപ അടങ്കലിലാണ് പദ്ധതിയുടെ നിർവഹണം. കരിപ്പയാറിന്റെ മറുകരയിൽ നെയ്യാർ ഡാമിന്റെ തുരുത്തിൽ ഒറ്റപ്പെട്ടുപോയ കാരിക്കുഴി, ചാക്കപ്പാറ, ശങ്കുംകോണം, കയ്പൻപ്ലാവിള, തൊടുമല, തെന്മല, കുന്നത്തുമല തുടങ്ങി പതിനൊന്നോളം ആദിവാസി ഊരുകളിൽ താമസിക്കുന്ന ആയിരത്തിലധികം കുടുംബങ്ങളുടെയും അമ്പൂരി നിവാസികളുടെയും ഏറെക്കാലത്തെ ആവശ്യമാണ് കുമ്പിച്ചൽ കടവ് പാലത്തിന്റെ നിർമ്മാണം.

36.2 മീറ്റർ വീതം അകലത്തിലുള്ള ഏഴ് സ്പാനുകളിലായി 253.4 മീറ്റർ നീളത്തിലാണ് പാലം നിർമ്മിക്കുന്നത്. 11 മീറ്റർ വീതിയുള്ള പാലത്തിൽ എട്ട് മീറ്റർ വീതിയിൽ റോഡും ഇരു വശത്തും ഫുഡ്പാത്തും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ മുൻനിർത്തി ഭൂനിരപ്പിൽ നിന്നും 12.5 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്ന പാലത്തിനടിയിലൂടെ നെയ്യാർ ഡാമിൽ നിന്നും വിനോദസഞ്ചാരികളുമായി വരുന്ന ബോട്ടിന് കടന്നുപോകുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനീയർ ജീജാബായി, ബ്ലോക്ക് പഞ്ചായത്ത് അംഗം അമ്പിളി പുത്തൂർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അജികുമാർ, അഖില ഷിബു എന്നിവർ ഒപ്പമുണ്ടായിരുന്നു.

ചിത്രം.സി കെ ഹരീന്ദ്രൻ എംഎൽഎ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു



മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ ആയിരം റോഡുകളുടെ ഉദ്ഘാടനം മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.